# കുടുംബശ്രീ

## സംഘടന

## 2019 - 2020

## വാർഷിക പദ്ധതി നിർദ്ദേശങ്ങൾ

# അകം

പ്രവേശിക

1. Relationship Kerala ........................................................ 3
2. e-Nest ..................................................................... 8
3. കണക്ക് വർക്ക് ........................................................ 13
4. ഹരിത അയൽക്കൂട്ട ക്യാമ്പയിൻ ......................................... 19
5. തീരശ്രീ ........................................................................24
6. സുസ്ഥിരം 2019 ........................................................... 29
7. സമന്വയം 2019.............................................................. 34
8. ദിശ 2019 ..................................................................... 38
9. കുടുംബശ്രീ സ്കൂൾ ........................................................... 42
10 അരങ്ങ് 2019 ............................................................... 46

# ലക്ഷ്യം 1

വയോജന, ഭിന്നശേഷി വിഭാഗങ്ങളുടെ മുഖ്യധാരാവത്ക്കരണം

## പദ്ധതിയുടെ പേര്
## Relationship Kerala

വയോജനങ്ങളുടെ 20,000 , ഭിന്നശേഷി വിഭാഗങ്ങളുടെ 2,500 ട്രാൻസ്ജെൻഡർ വിഭാഗങ്ങളുടെ 5 എന്നിങ്ങനെ പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും ഈ വിഭാഗങ്ങൾക്കാവശ്യമായ സാമൂഹ്യ, സാമ്പത്തിക, ഉപജിവന, വൈകാരിക പിന്തുണകൾ ഉറപ്പാക്കുക.

**പശ്ചാത്തലം**

ദാരിദ്ര്യം എന്നത് ബഹുമുഖ പ്രതിഭാസമാണ്. കേവലം ആരോഗ്യവും ശാരീരികക്ഷമതയും നിലനിർത്തുവാനുള്ള കലോറിയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യത്തെ അളന്നിരുന്നതിൽ നിന്നും വ്യത്യസ്തമായി വ്യക്തികളും കുടുംബങ്ങളും അന്തസ്സായി ജീവിക്കുന്നതിനുള്ള സാമൂഹിക, സാംസ്കാരിക, സാമ്പത്തിക നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ദാരിദ്ര്യത്തെ അളക്കുന്നതിനാണ് ഇന്ന് ശ്രമിക്കുന്നത്. ഈ കാഴ്ചപ്പാടിൽ നോക്കുമ്പോൾ സമൂഹത്തിലെ ഓരോ അംഗത്തിന്റെയും ക്ഷേമം ഉറപ്പാക്കുന്നതിലൂടെ മാത്രമേ ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാകു. ഇതിൽ പലപ്പോഴും വേണ്ടത്ര പരിഗണന ലഭിക്കാത്തവരാണ് വയോജനങ്ങളും ഭിന്നശേഷി വിഭാഗങ്ങളും ട്രാൻസ്ജന്ററുകളും.

ഇത്തരം ജനവിഭാഗങ്ങളുടെ ജനസംഖ്യാശതമാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് ആസൂത്രണ രീതികളെ പുന:നിർണ്ണയിക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്. സമൂഹത്തിലെ എല്ലാ മേഖലകളിലും ഇത്തരം ജനവിഭാഗങ്ങളെ ഉൾക്കൊള്ളുന്നതിനും വയോജന, ഭിന്നശേഷി, ട്രാൻസ്ജെൻഡർ സൗഹൃദ രീതികൾ അവലംബിക്കത്തക്കവിധത്തിലും നിലവിലുള്ള വികസന ആസൂത്രണ രീതിശാസ്ത്രങ്ങൾ പരിവർത്തനം ചെയ്യേണ്ടിയിരിക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ എന്ന നിലയിൽ ഇക്കാര്യത്തിൽ കുടുംബശ്രീയുടെ പങ്ക് നിർണ്ണായകമാണ്. വയോജന, ഭിന്നശേഷി, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് ഈ മേഖലയിൽ ഒരു ചെറിയ ഇടപെടീൽ നടത്തുവാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തനത്തെ കൂടുതൽ സംഘടിതവും ആസൂത്രിതവുമാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് 2019 - 2020 സാമ്പത്തിക വർഷത്തിൽ പ്രത്യേക അയൽക്കൂട്ടങ്ങളുടെ ശാക്തീകരണം പ്രത്യേക പദ്ധതിയായി നടപ്പിലാക്കാൻ ശുപാർശ ചെയ്യുന്നത്.

കുടുംബശ്രീ - പ്രത്യേക അയൽക്കൂട്ടങ്ങളുടെ നിലവിലുള്ള എണ്ണം

| Sl. No | Districts | No. of TG* NHGs | No. of TG* Members | No. of PWD** NHGs | No. of PWD** Members | No. of Elderly NHGs | No. of Elderly Members |
|---|---|---|---|---|---|---|---|
| 1 | Thiruvananthapuram | 7 | 85 | 52 | 646 | 84 | 1,207 |
| 2 | Kollam | 2 | 22 | 51 | 546 | 456 | 6,236 |
| 3 | Pathanamthitta | 2 | 26 | 104 | 1,446 | 450 | 6,870 |
| 4 | Alappuzha | 2 | 30 | 22 | 259 | 458 | 5,793 |
| 5 | Kottayam | 1 | 15 | 46 | 543 | 244 | 3,479 |
| 6 | Idukki | 1 | 9 | 162 | 1,732 | 431 | 6,046 |
| 7 | Ernakulam | 3 | 40 | 60 | 872 | 967 | 14,098 |
| 8 | Thrissur | 1 | 10 | 125 | 1,459 | 641 | 6,809 |
| 9 | Palakkad | 4 | 40 | 86 | 866 | 553 | 6,134 |
| 10 | Malappuram | 5 | 54 | 252 | 3,773 | 129 | 1,922 |
| 11 | Kozhikode | 3 | 40 | 52 | 721 | 530 | 6,812 |
| 12 | Wayanad | 3 | 15 | 257 | 2,021 | 88 | 948 |
| 13 | Kannur | 1 | 15 | 76 | 910 | 296 | 4,288 |
| 14 | Kasaragod | 1 | 15 | 132 | 1,821 | 118 | 1,436 |
| | Total | 36 | 416 | 1,477 | 17,615 | 5,445 | 72,078 |
| | | *TG – Transgender **PWD - Person with Disabilities | | | | | |

**കുടുംബശ്രീ നിലവിൽ നൽകി വരുന്ന പിന്തുണകൾ**

റിവോൾവിംഗ് , കോർപ്പസ ഫണ്ടുകൾ, ഉപജീവന ആവശ്യങ്ങൾക്കായി പ്രത്യാശ ഫണ്ട് എന്നീ സാമ്പാത്തിക സഹായങ്ങളാണ് നിലവിൽ കുടുംബശ്രീ നൽകിവരുന്നത്. ഇതിൽ പ്രത്യാശഫണ്ട് മൈക്രോ സംരംഭക വിഭാഗമാണ് കൈകാര്യം ചെയ്യുന്നത്.

2017 - 2018 ലായി 1705 വയോജന അയൽക്കൂട്ടങ്ങൾക്കായി 89,51,250 ലക്ഷം രൂപയും ഭിന്നശേഷി അയൽക്കൂട്ടങ്ങൾക്കായി 41,20,000 രൂപയും കോർപ്പസ ഫണ്ട് ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2016 -17 സാമ്പത്തിക വർഷം 16 ട്രാൻസ്ജെൻഡർ അയൽക്കൂട്ടങ്ങൾക്ക് 10000 രൂപ നിരക്കിൽ 160000 രൂപ കോർപ്പസ് ഫണ്ടായി വിതരണം ചെയ്തു.

തനതു പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതൊഴിച്ചാൽ സംസ്ഥാനാടിസ്ഥാനത്തിൽ പ്രത്യേക അയൽക്കൂട്ടങ്ങളുടെ പ്രവർത്തനത്തിൽ ഐക്യരൂപ്യം ഉണ്ടാക്കുന്നതിനോ പ്രവർത്തനങ്ങൾ വേണ്ടത്ര ശക്തിപ്പെടുത്തുന്നതിനോ കഴിഞ്ഞിരുന്നില്ല.

**വയോജന, ഭിന്ന ശേഷി, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾ നേരിടുന്ന പൊതുപ്രശ്നങ്ങൾ**

- സാമൂഹികമായയും കുടുംബത്തിനുള്ളിലുമുള്ള ഒറ്റപ്പെടീൽ
- ആരോഗ്യ പ്രശ്നങ്ങൾ
- അവഗണന
- പരാശ്രയം
- അനുയോജ്യമായ ഉപജീവന പ്രവർത്തനങ്ങളുടെ അഭാവം
- സാമ്പത്തിക പരാധീനത
- വിനോദത്തിനുള്ള അവസരമില്ലായ്മ
- പൊതു വേദികളുടെ അഭാവം
- അനുഭവ സമ്പത്തും ശേഷിയും ഉപയോഗിക്കാൻ അവസമില്ലാത്തത്
- വിദ്യാഭ്യാസ അവകാശങ്ങൾ

**പ്രവർത്തന തന്ത്രം**

- സി ഡി എസ് ചെയർപേഴ്സന്മാർ, സാമൂഹിക ഉപസമിതി അംഗങ്ങൾ എന്നിവരുടെ ഉത്തരവാദിത്തത്തിലേക്ക് ഈ പദ്ധതി കൊണ്ടുവരുണം.
- തദ്ദേശഭരണ സ്ഥാപന മേലധികാരികളുടെ സവിശേഷ ശ്രദ്ധ ഈ പദ്ധതിയിൽ ഉണ്ടാക്കാൻ ആവശ്യമായ ചർച്ചകൾ സംഘടിപ്പിക്കണം.
- മെഡിക്കൽ ക്യാമ്പുകൾ, ബാലസഭാ പ്രവർത്തകരുടെ ഗൃഹ സന്ദർശനം തുടങ്ങി ഓരോ പ്രദേശത്തിന്റെയും സാധ്യത അനുസരിച്ച് വിവിധ പരിപാടികൾ ആസൂത്രണം ചെയ്യണം. ഇത് ഈ പദ്ധതിയിലെ തത്പരകക്ഷികളുടെ (stakeholders) സ്വാഭാവിക താല്പര്യം ജനിപ്പിയ്ക്കുന്നതിനു കഴിയും.
- ജില്ലാ കളക്ടറുമായി ഈ പദ്ധതി ചർച്ച ചെയ്യുക.

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ 1**

**2019 മെയ് – ജൂലൈ**

- വയോജന, ഭിന്നശേഷീ, ട്രാൻസ്ജെന്റർ അയൽക്കൂട്ടാംഗങ്ങളുടെ അയൽക്കൂട്ട പ്രവർത്തന മാർഗ്ഗ രേഖ, ഉപജീവന ഗൈഡ് എന്നിവ പ്രസിദ്ധീകരിയ്ക്കുക. (state mission)

- തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ പ്രത്യേക അയൽക്കൂട്ട ഭാരവാഹികളുടെ നിർണ്ണായക പങ്കാളിത്തം സർക്കാർ ഉത്തരവു വഴി ഉറപ്പാക്കുക. (state mission)
- ജില്ലയിലെ സാധ്യതകൾ പരിശോധിച്ച് ഒരു ട്രാൻസ്ജെന്റർ അയൽക്കൂട്ടം രൂപീകരിക്കുക. (ഡി പി എം ന്റെ ചുമതല)
- സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ പ്രത്യേക അയൽക്കൂട്ടങ്ങൾക്കും ആവശ്യമായ സംഘടനാ പരിശീലനം ഉറപ്പാക്കും. 6958 അയൽക്കൂട്ടങ്ങൾക്ക് പരിശീലനം നൽകും.
- ഓരോ എ ഡി എസിലും ഒരു വയോജന അയൽക്കൂട്ടം വീതം രൂപീകരിക്കുക.
- എല്ലാ സി ഡി എസിലും ഒരു ഭിന്ന ശേഷി അയൽക്കൂട്ടം വീതം രൂപീകരിക്കുക
- ഓരോ ബ്ലോക്കിലും ഏഴ് എസ് സി അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക
- പ്രത്യേക അയൽക്കൂട്ടങ്ങൾക്കുള്ള സാമ്പത്തിക പിന്തുണകൾ ഉറപ്പാക്കുന്നു. 2019 ജൂൺ മാസത്തിൽ അപേക്ഷ സ്വീകരിച്ചു തുടങ്ങുകയും 2019 ഒക്ടോബർ മാസത്തിനകം പൂർണ്ണമായും എല്ലാ അയൽക്കൂട്ടങ്ങൾക്കും അർഹമായ സാമ്പത്തിക പിന്തുണ ഉറപ്പാക്കുകയും ചെയ്യണം.

**ക്വാർട്ടർ 2**
**2019 ഓഗസ്റ്റ് - ഒക്ടോബർ**

- എല്ലാ പ്രത്യേക അയൽക്കൂട്ടങ്ങളും ക്രമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനായി പ്രത്യേക അയൽക്കൂട്ടങ്ങളുടെ എം ഐ എസ് ആരംഭിക്കുന്നു. (state mission)
- വയോജന, ഭിന്നശേഷി നിയമങ്ങൾ, സർക്കാർ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക കുടുംബശ്രീ സ്കൂൾ നടപ്പിലാക്കും. (state mission)
- എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വയോജന, ഭിന്നശേഷി സൗഹൃദ നയം രൂപീകരിക്കുന്നതിനും പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം.
- പ്രത്യേക അയൽക്കൂട്ടാംഗങ്ങളുടെ സാമൂഹിക, സാമ്പത്തിക, മാനസിക ഉന്നമനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ അർഹമായ വിഹിതം നീക്കിവെയ്ക്കുന്നുവെന്ന് ഉറപ്പാക്കുന്നു. പ്രത്യേക അയൽക്കൂട്ടങ്ങൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ കുറഞ്ഞത് 1,00,000 രൂപയെങ്കിലും പദ്ധതികൾക്കായി നീക്കിവെച്ചുവെന്ന് ഉറപ്പാക്കും. ഇപ്രകാരം (941 +93) 1028 സ്ഥാപനങ്ങളിലുമായി ഏറ്റവും കുറഞ്ഞത് 10,28,00,000 രൂപയുടെ പദ്ധതി നടപ്പിലായി എന്ന് ഉറപ്പാക്കണം.

- കുടുംബാംഗങ്ങളിൽ വയോജന. ഭിന്നശേഷി, ട്രാൻസ്ജെന്റർ സൗഹൃദ അന്തരീക്ഷം ഉണ്ടാക്കുന്നതിനായി കമ്മ്യൂണിറ്റി കൗൺസിലേഴ്സിന്റെ നേതൃത്വത്തിൽ പ്രത്യേക ബോധവത്ക്കരണ ക്ലാസുകളും ചർച്ചകളും. കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലേഴ്സിന്റെ നേതൃത്വത്തിൽ അയൽക്കൂട്ട അംഗങ്ങൾക്കും അവശ്യഘട്ടങ്ങളിൽ കുടുംബാംഗങ്ങൾക്കും കൗൺസിലിംഗ് /ബോധവത്ക്കരണ പരിപാടികൾ മൂന്ന് മാസത്തിലൊരിക്കൽ സംഘടിപ്പിക്കണം.

**ക്വാർട്ടർ 3**
**2019 നവംബർ - ജനുവരി**

- എല്ലാ സി ഡി എ സ്സ് തലത്തിലും വയോജന, ഭിന്നശേഷി, ട്രാൻസ്ജെന്റർ വിഭാഗങ്ങളുടെ സംഗമങ്ങൾ.
- വയോജനങ്ങൾക്കായി കലാ കലാകായിക, സാഹിത്യ മത്സരങ്ങൾ.
- കുടുംബശ്രീ സംരംഭക വിഭാഗം, തദ്ദേശഭരണ സ്ഥാപനങ്ങൾ, എം കെ എസ് പി, മൃഗസംരക്ഷണ വിഭാഗങ്ങൾ, വിവിധ സർക്കാർ ഏജൻസികൾ എന്നിവരുടെ സഹായത്തോടെ പ്രത്യേക അയൽക്കൂട്ടങ്ങളിലെ 5,000 അംഗങ്ങൾക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തണം. (ജില്ലാ ടാർജറ്റ് പ്രത്യേകമായി നൽകും)
- ഒരു ബ്ലോക്കിൽ ഒരു പകൽ വീട് ആരംഭിക്കുക.

**പ്രതീക്ഷിത നേട്ടം**

വയോജനങ്ങൾ, ഭിന്നശേഷി വിഭാഗങ്ങൾ എന്നിവരുടെ സമഗ്രമായ ഉന്നമനം സാധ്യമാക്കുന്നതിനായി ശക്തമായ കുടുംബശ്രീ സമൂഹാധിഷ്ഠിത സംഘടനാ സംവിധാനം നിലവിൽ വരുത്തുക.

# ലക്ഷ്യം 2

കുടുംബശ്രീയിൽ അഫിലിയേഷൻ ചെയ്തിട്ടുള്ള 43 ലക്ഷം അയൽക്കൂട്ട കുടുംബാംഗങ്ങളെയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജിയോ ടാഗ് ചെയ്യുകയും കുടുംബാംഗങ്ങളുടെ വിവരങ്ങൾ കൂടി ശേഖരിച്ച് താഴേത്തട്ടിൽ നിന്നുള്ള സൂക്ഷ്മതല ആസൂത്രണം സമഗ്രമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വെയ്ക്കുന്നത്.

## പദ്ധതിയുടെ പേര്
## e-Nest

ജി ഐ എസ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ 49 ലക്ഷം കുടുംബശ്രീ കുടുംബങ്ങളുടെയും വിവര ശേഖരണത്തിലൂടെ ഓരോ കുടുംബത്തിന്റെയും സൂക്ഷ്മതല ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനും അവ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും ആസൂത്രണ മുൻഗണനകളിൽ ഉൾപ്പെടുത്തുന്നതിനും ഇതിലൂടെ കഴിയും.

**പശ്ചാത്തലം**

കുടുംബശ്രീ രൂപീകൃതമായിട്ട് 20 വർഷം പൂർത്തീകരിച്ചിരിക്കുന്നു.. എസ് എച്ച് ജി മാതൃകകളിൽ നിന്നും വ്യത്യസ്തമായി കുടുംബശ്രീ അംഗം തന്റെ കുടുംബത്തെയാണ് അയൽക്കൂട്ടത്തിൽ പ്രതിനിധീകരിക്കുന്നത്. വനിതകളായ കുടുംബാംഗങ്ങൾക്കും അയൽക്കൂട്ട യോഗങ്ങളിൽ പങ്കെടുക്കുന്നതിനും വികസന പ്രവർത്തനങ്ങളിലും ചർച്ചകളിലും പങ്കാളിയാകുന്നതിനും കുടുംബശ്രീ ബൈലോ അനുച്ഛേദം 7.12 പ്രകാരം അവകാശം നൽകുന്നുണ്ട്. ഇതു കൂടാതെ കുടുംബശ്രീ ബൈലോ അനുച്ഛേദം 5 (viii) പ്രകാരം അംഗത്വത്തെ നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്. "ഒരു കുടുംബത്തെ പ്രതിനിധീകരിച്ച് ഒരു വനിതാ കുടുംബാംഗം ഒരു കുടുംബശ്രീ അയൽക്കൂട്ടത്തിൽ നേടുന്ന അംഗത്വം." അതുകൊണ്ടു തന്നെ കുടുംബശ്രീ അംഗങ്ങളുടെ കുടുംബാംഗങ്ങളെ സംബന്ധിച്ച വിവരശേഖരണവും അവരുടെ ഉന്നമനത്തിനായുള്ള പദ്ധതി ആസൂത്രണവും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഗതിവേഗം കൂട്ടുന്നതിനു അനിവാര്യമാണ്.

നിലവിൽ കുടുംബശ്രീ സംവിധാനത്തിൽ താഴെപ്പറയുന്ന രണ്ട് എം ഐ എസ് സംവിധാനങ്ങളാണ് സംഘടനാ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിലുള്ളത്.

1. സംസ്ഥാന എം ഐ എസ്
2. എൻ ആർ എൽ എം ട്രാൻസാക്ഷൻ ബേസ്ഡ് എം ഐ എസ്

ഇതു കൂടാതെ അതാതു ടീമുകളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിനായി വിവിധ എം ഐ എസ് സംവിധാനങ്ങളും നിലവിലുണ്ട്. ഇവയിലൊന്നും തന്നെ കുടുംബത്തിന്റെയോ കുടുംബാംഗങ്ങളുടെയോ പൊതു വിവരശേഖരണം ഉൾക്കൊള്ളിച്ചിട്ടില്ല.

**എൻ ആർ എൽ എം ട്രാൻസാക്ഷൻ ബേസഡ് എം ഐ എസ് - വിവര ശേഖരണ ഘടകങ്ങൾ**

- അയൽക്കൂട്ടത്തിന്റെ പേരും അനുബന്ധ വിവരങ്ങളും (അംഗങ്ങളുടെ പേരുൾപ്പെടെ)
- സൂക്ഷ്മ സാമ്പത്തിക പ്രവർത്തനങ്ങളെ സംബന്ധിച്ച വിവര ശേഖരണം
- ലിങ്കേജ് ലോൺ സംബന്ധിച്ച വിവരങ്ങൾ
- അയൽക്കൂട്ടത്തിനു ലഭിച്ച സാമ്പത്തിക പിന്തുണകൾ

**സംസ്ഥാന എം ഐ എസിലും** ഇതേ വിവരങ്ങൾ തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുകൂടാതെ സൂക്ഷ്മസംരംഭങ്ങൾ, ആശ്രയ, ജെ എൽ ജികൾ എന്നിവയെ സംബന്ധിച്ച വിവരങ്ങളും സംസ്ഥാന എം ഐ എസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയിലൊന്നുംതന്നെ കുടുംബത്തിന്റെ പൊതുവിവരങ്ങൾ, കുടുംബാംഗങ്ങളുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. അയൽക്കൂട്ട അംഗത്തിന്റെ അരക്ഷിതാവസ്ഥ കുടുംബത്തിന്റെ പൊതു അരക്ഷിതാവസ്ഥയുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ടു തന്നെ കുടുംബത്തെ ആസൂത്രണത്തിന്റെ യൂണിറ്റായി പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് കുറേക്കൂടി അഭികാമ്യം. ഈ സാഹചര്യത്തിലാണ് e- Nest എന്ന പദ്ധതിയുടെ അനിവാര്യത.

എൻ ആർ എൽ എം ട്രാൻസാക്ഷൻ ബേസ്ഡ് എം ഐ എസ് പുരോഗതിയുടെ പട്ടിക ചുവടെ ചേർക്കുന്നു.

| TBMIS- Progress as on 02/03/2019 | | | | |
|---|---|---|---|---|
| **Sl. No** | **DISTRICT** | **Total No. rural NHGs** | **No. of NHGs data uploaded in TbMIS portal** | **Pecentage of progress** |
| 1 | PALAKKAD | 20775 | 20767 | 99.96% |
| 2 | THRISSUR | 19896 | 19772 | 99.38% |
| 3 | WAYANAD | 8193 | 8104 | 98.91% |
| 4 | IDUKKI | 10966 | 10559 | 96.29% |
| 5 | KOZHIKKODE | 20461 | 19617 | 95.88% |
| 6 | KOTTAYAM | 13136 | 12443 | 94.72% |
| 7 | ERNAKULAM | 18710 | 17546 | 93.78% |
| 8 | THIRUVANANTHAPURAM | 22437 | 20559 | 91.63% |
| 9 | KANNUR | 15552 | 14245 | 91.60% |
| 10 | KOLLAM | 19322 | 17571 | 90.94% |
| 11 | ALAPPUZHA | 17626 | 15975 | 90.63% |
| 12 | KASARGODE | 9494 | 8598 | 90.56% |
| 13 | MALAPPURAM | 23473 | 20565 | 87.61% |
| 14 | PATHANAMTHITTA | 8611 | 7514 | 87.26% |
| | **TOTAL** | **228652** | **213835** | **93.52%** |

**ഗുണഭോക്താക്കളായി കുടുംബാംഗങ്ങളെയും ഉൾക്കൊള്ളിക്കുന്ന കുടുംബശ്രീ പദ്ധതികൾ**
കുടുംബശ്രീ അംഗങ്ങളുടെ കുടുംബാംങ്ങളുടെ സാമൂഹിക, സാമ്പത്തിക ശാക്തീകരണത്തിനായി നിരവധി പദ്ധതികൾ/പരിപാടികൾ കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

- യുവശ്രീ
- പ്രത്യാശ
- ആശ്രയ
- ജെൻഡർ പ്രവർത്തനങ്ങൾ
- സ്നേഹിത കോളിംഗ് ബെൽ
- പ്രത്യേക അയൽക്കൂട്ടങ്ങൾ
- ഡി ഡി യു ജി കെ വൈ
- എൻ യു എൽ എം സ്കീമുകൾ

**പ്രവർത്തന തന്ത്രം**

- കിലയുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ സാങ്കേതിക വിദ്യ വികസിപ്പിക്കുകയും സർവ്വേയർമാർക്ക് പരിശീലനം നൽകുകയും ചെയ്യും.
- എ ഡി എസ് ഭാരവാഹികളിൽ നിന്നോ എ എഡി എസ് കമ്മറ്റി നിർദ്ദേശിക്കുകയോ ചെയ്യുന്ന സ്മാർട്ട് ഫോൺ ഉള്ള വ്യക്തികളായിരിക്കും സർവ്വേയർമാരായി നിശ്ചയിക്കുക.
- സർവ്വേയിലൂടെ ലഭ്യമായ ഡേറ്റയുടെ പ്രാഥമിക പരിശോധന എ എഡി എസ്/ സി ഡി എസ് അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തുന്നതാണ്. തുടർന്ന് ഉദ്യോഗസ്ഥതലത്തിലുള്ള പരിശോധന നടത്തും. തുടർന്ന് ലഭ്യമായ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്ലാനുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.
- അയൽക്കൂട്ടതലം - സാമൂഹിക വികസന പ്ലാൻ, ഉപജീവന പ്ലാൻ, അടിസ്ഥാന വികസന പ്ലാൻ, റിസോഴ്സ് പ്ലാൻ
- എ ഡി എസ്തലം - അതാത് പ്രദേശത്തെ അയൽക്കൂട്ടങ്ങളുടെ സൂക്ഷ്മതല പ്ലാനുകളെ സംയോജിപ്പിച്ച് എ ഡി എസ് പ്ലാൻ തയ്യാറാക്കുന്നു.
- സി ഡി എസ് തലം - ഓരോ സി ഡി എസ് പ്രദേശത്തുമുള്ള എ ഡി എസുകളുടെ പ്ലാനുകളെ സംയോജിപ്പിച്ച് സി ഡി എസ് ആവശ്യകതാ നിർണ്ണയം നടത്തുകയും അവ പൂർത്തീകരിക്കുന്നതിനാവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സമർപ്പിക്കുകയും ചെയ്യും.
- സി ഡി എസ് ആവശ്യകതാ നിർണ്ണയത്തെ ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കും. ജില്ലാടിസ്ഥാനത്തില ആവശ്യകതാ നീർണ്ണയം നടത്തുകയും അവ കുടുംബശ്രീ

പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനായി ജില്ലാ മിഷനുകൾ സംസ്ഥാനമിഷനു കൈമാറുകയും ചെയ്യും .ഈ വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിയ്ക്കും കുടുംബശ്രീ അതിന്റെ വാർഷിക പദ്ധതികളുടെ മുൻഗണനകൾ നിശ്ചയിയ്ക്കുക. നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് എല്ലാ മൂന്ന് മാസം കൂടുമ്പോഴും നടത്തുന്നതാണ്. റിസോഴ്സ് പൂൾ ഡവലപ്മെന്റ് ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിയ്ക്കും. ഫീൽഡ് തല പ്രവർത്തനങ്ങൾ ജൂൺ മുതൽ സെപ്തംബർ മാസങ്ങൾക്കുള്ളിലും പരിശോധനയും തെറ്റുതിരുത്തലും ഒക്ടോബർ മാസത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കൽ നവംബർ മാസത്തിലും നടത്തുന്നതാണ്.

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ 1**

**2019 മെയ് – ജൂലൈ**

- **റിസോഴ്സ് പൂൾ ഡവലപ്മെന്റ് (State mission)**
  - **അനുയോജ്യമായ സാങ്കേതികവിദ്യ വികസിപ്പിക്കൽ**
  - **പ്രവർത്തന മാർഗ്ഗരേഖ പ്രസിദ്ധീകരിയ്ക്കൽ**
  - **നിർവ്വഹണ ഏജൻസിയെ കണ്ടെത്തൽ**
  - **സർവ്വേയർമാരുടെ പരിശീലനം**
  - **ജില്ലാ, സി ഡി എസ് തല ആസൂത്രണം**

**ക്വാർട്ടർ 2 & 3**

**2019 ഓഗസ്റ്റ് - നവംബർ**

- **ജിയോ ടാഗിംഗും 43 ലക്ഷം കുടുംബങ്ങളുടെ വിവരശേഖരണവും**
  - ജിയോ ടാഗിംഗും കുടുംബവിവരശേഖരണവും അതാത് എ ഡി എസുകളാണ് നിർവ്വഹിക്കേണ്ടത്. ഒരു എ ഡി എസിൽ നിന്നും മൂന്ന് പേര് ഇതിനായി പരിശീലിപ്പിയ്ക്കും. (19454 * 3 =58362)
  - ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യുക
- **ലഭ്യമായ വിവരങ്ങളുടെ നിജസ്ഥിതി പരിശോധന**
  - ലഭ്യമായ വിവരങ്ങളുടെ നിജസ്ഥിതി പരിശോധന (കാസ് അംഗങ്ങളുടെ ചുമതലയിലാണ് ഇക്കാര്യം നിർവ്വഹിക്കേണ്ടത്)
  - ഇതു കൂടാതെ ബ്ലോക്ക് കോ ഓർഡിനേറ്റർമാർ, മൾട്ടി ടാസ്ക്ക് പേഴ്സൺസ്, കമ്മ്യൂണിറ്റി ഓർഗനൈസർമാർ, ജില്ലാമിഷൻ നിശ്ചയിയ്ക്കുന്ന മറ്റ് ഉദ്യോഗസ്ഥർ എന്നിവർ നേതൃത്വത്തിൽ ലഭ്യമായ ഡേറ്റയുടെ നിശ്ചിത ശതമാനത്തിന്റെ പുന:പരിശോധന ഈ ഘട്ടത്തിലാണ് നടത്തേണ്ടത്.

- **ഡേറ്റ വിശകലനവും ആക്ഷൻ പ്ലാൻ തയ്യാറാക്കലും**
  - അയൽക്കൂട്ടങ്ങളുടെ വിവിധ സൂക്ഷ്മതല പ്ലാനുകൾ തയ്യാറാക്കും.
  - എ ഡി എസ് പ്ലാനുകൾ
  - സി ഡി എസ് പ്ലാനിനെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംയോജിപ്പിക്കുന്നതിനായി സി ഡി എസ് ഡിമാന്റ് പ്ലാൻ തയ്യാറാക്കലാണ് അവസാന ഘട്ടം.
  - സംസ്ഥാന ഗവൺമെന്റ്, കുടുംബശ്രീ, എൻ ആർ എൽ എം തുടങ്ങി വിവിധ ഏജൻസികളുടെ ആസൂത്രണ പ്രവർത്തനങ്ങൾക്കായി ഈ ഡേറ്റ ഉപയോഗപ്പെടുത്തുന്നു.

**ഡേറ്റ അപ്ഡേഷൻ**

- കുടുംബശ്രീ അംഗങ്ങളെ സംനധിച്ചും സൂക്ഷ്മ സാമ്പത്തിക പ്രവർത്തനങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ എല്ലാ മാസവും എൻ ആർ എൽ എം ട്രാൻസാക്ഷൻ ബേസ്ഡ് എം ഐ എസിൽ നിന്നും ഡേറ്റ പോർട്ട് ചെയ്ത് നാളിതീകരിക്കുന്നതാണ്.
- കുടുംബത്തെ സംബന്ധിച്ചും കുടുംബാംഗങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ നാല് മാസത്തിലൊരിക്കൽ എ ഡി എസ് മുഖേന ശേഖരിക്കുകയും എം ഐ എസ് ആർ പിയുടെ സഹായത്തോടെ നാളിതീകരിക്കുകയും ചെയ്യും.

**പ്രവർത്തന നേട്ടം**

ഐ ടി അധിഷ്ഠിത സാങ്കേതിക വിദ്യയുടെ സഹായത്തോടെ അയൽക്കൂട്ടം മുതൽ സംസ്ഥാനതലം വരെയുള്ള ആസൂത്രണ നിർവ്വഹണ പ്രക്രിയ ശാസ്ത്രീയവും സമഗ്രവുമാക്കുക.

## ലക്ഷ്യം 3

അഭ്യസ്തവിദ്യരായ 1.065 ലക്ഷം കുടുംബശ്രീ അംഗങ്ങൾ/കുടുംബാംഗങ്ങൾ എന്നിവരെ അവരുടെ വ്യക്തിപരമായ നൈപുണികൾ വികസിപ്പിച്ച് തൊഴിൽ മേഖലയുമായി ബന്ധിപ്പിയ്ക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**പദ്ധതിയുടെ പേര്**

## കണക്ട് വർക്ക്

അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് വേതന തൊഴിൽ/സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, തൊഴിൽ വിപണിയുമായി ഇവരെ ബന്ധിപ്പിയ്ക്കുക, ഇവരുടെ വ്യക്തിപരമായ ജീവിത നൈപുണികൾ വികസിപ്പിച്ച് തൊഴിൽ വിപണിയ്ക്ക് അനുയോജ്യരായി മാറ്റുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഏകദേശം 106500 പേർക്ക് ഈ പദ്ധതിയുടെ ഗുണഫലം ലഭിയ്ക്കും.

### പശ്ചാത്തലം

കേരളം നേരിടുന്ന വലിയ പ്രതിസന്ധികളിലൊന്നാണ് അഭ്യസ്ഥവിദ്യരായ യുവതീ യുവാക്കളുടെ തൊഴിലില്ലായ്മയാണ്. സാമ്പത്തിക അവലോകന റിപ്പോർട്ട് 2018 പ്രകാരം സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് 12.5 ശതമാനമാണ്. കേരളത്തിനേക്കാൾ തൊഴിലില്ലായ്മ നിരക്ക് രേഖപ്പെടുത്തിയത് സിക്കിം, ത്രിപുര, ഹിമാചൽപ്രദേശ് എന്നീ ചെറിയ സംസ്ഥാനങ്ങളിൽ മാത്രമാണ്. സാമ്പത്തിക അവലോകന റിപ്പോർട്ട് തുടർന്ന് ഇപ്രകാരം പറയുന്നു, "മഹാഭൂരിപക്ഷം വരുന്ന സക്രിയരായ തൊഴിലാളികളുടെ തൊഴിലില്ലായ്മ കേരളം നേരിടുന്ന വളരെ വലിയ സാമൂഹ്യ സാമ്പത്തിക പ്രശ്നമാണ്. തൊഴിൽ സൃഷ്ടി സംസ്ഥാനത്ത് വളരെ പ്രധാനമായി ഉയർന്നു വന്നിട്ടുള്ളതായ വിഷയമാണ് ഇന്ത്യൻ ശരാശരിയുടെ ഇരട്ടിയോളമാണ് കേരളത്തിലെ തൊഴിലില്ലായ്മ. സമൂഹത്തിലും സാമ്പത്തിക മേഖലയിലും തങ്ങളുടെ അറിവും നൈപുണ്യവും വിനിയോഗിക്കാൻ കഴിയാത്ത അഭ്യസ്തവിദ്യർക്കിടയിൽ ഇത് വലിയ പ്രശ്നമായി നിലനിൽക്കുന്നു. കേരളത്തിൽ സുലഭമായ വൈദഗ്ധ്യമുള്ള മനുഷ്യ ശക്തിയെ ഉപയുക്തമാക്കുന്നതിന് സർക്കാർ അനുയോജ്യമായ നയങ്ങൾ രൂപപ്പെടുത്തികൊണ്ടിരിയ്ക്കുന്നു."

## കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വിവിധ സമീപനങ്ങളിൽ




ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാക്കുന്നതിന് തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കേണ്ടത് അനുപേക്ഷണീയമാണ്. തൊഴിൽ ചെയ്യാൻ താല്പര്യമുള്ള എല്ലാവർക്കും തൊഴിൽ കൊടുക്കാൻ സർക്കാർ സംവിധാനങ്ങൾക്ക് കഴിയില്ല. അതുകൊണ്ട് തന്നെ സ്വാതന്ത്ര്യനന്തര ഇന്ത്യയിൽ ഗ്രാമ വികസനത്തിൽ തൊഴിൽദാന പദ്ധതികൾക്ക് വലിയ സ്ഥാനം നൽകിയിരുന്നു. ഐ ആർ ഡി പി, തൊഴിലുറപ്പ് പദ്ധതികൾ, എസ് ജി എസ് വൈ, എസ് ജെ എസ് ആർ വൈ, എസ് ജി എസ് വൈ തുടങ്ങി നിരവധി പദ്ധതികൾ രാജ്യത്ത് നടപ്പിലാക്കപ്പെട്ടു. വേതന തൊഴിൽ, സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവയിലൂടെ തൊഴിലില്ലായ്മയേയും അതിലൂടെ ദാരിദ്ര്യത്തിന്റെ തീവ്രത കുറയ്ക്കുന്നതിനുമാണ് നമ്മുടെ സർക്കാരുകൾ പരിശ്രമിയ്ക്കുന്നത്.

കേരളത്തിലെ ആകെ ജനസംഖ്യയുടെ 23 ശതമാനമാണ് യുവജനത. ഗ്രാമ പ്രദേശങ്ങളിൽ യുവതീ യുവാക്കൾക്കിടയിലുള്ള തൊഴിലില്ലായ്മ നിരക്ക് 21.7 ശതമാനവും നഗര പ്രദേശങ്ങളിൽ ഇത് 18.0 ശതമാനവുമാണ്. യുവതികളുടെ തൊഴിലില്ലായ്മ നിരക്ക് യുവാക്കളുടെ തൊഴിലില്ലായ്മ നിരക്കിനേക്കാൾ വളരെ കൂടുതലാണ്. ഗ്രാമപ്രദേശത്ത് യുവാക്കളിലെ തൊഴിലില്ലായ്മ നിരക്ക് 9.7 ശതമാനമാണെങ്കിൽ യുവതികളിൽ ഇത് 47.4 ശതമാനമാണ്. [1]

[1] സാമ്പത്തിക അവലോകന റിപ്പോർട്ട് 2018, സംസ്ഥാന ആസൂത്രണ ബോർഡ്

സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങളിലൂടെ കുടുംബങ്ങളിൽ അധികവരുമാനം സൃഷ്ടിക്കുന്നതിനും അതിലൂടെ ദാരിദ്ര്യത്തിന്റെ ദൂഷിത വലയത്തിൽ നിന്നും കുടുംബങ്ങളെ മോചിപ്പിക്കുക എന്ന പ്രവർത്തന തന്ത്രമാണ് കുടുംബശ്രീ അനുവർത്തിച്ച വന്നിരുന്നത്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന എൻ യു എൽ എം പദ്ധതി പ്രകാരം 7160 പേർക്ക് വേതന തൊഴിലും 1286 പേർക്ക് സ്വയം തൊഴിലും പ്രദാനം ചെയ്യാൻ കുടുംബശ്രീയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ നടപ്പിലാക്കുന്ന ഡി ഡി യു ജി കെ വൈ പദ്ധതി പ്രകാരം 19827 യുവതീ യുവാക്കൾക്ക് വേതന തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞു.

ഡോ കെ പി കണ്ണൻ, ഡോ ജി രവീന്ദ്രൻ എന്നിവർ സംയുക്തമായി നടത്തിയ 'Poverty, women and Capability' എന്ന പഠന പ്രകാരം കുടുംബശ്രീ അംഗങ്ങളിൽ 50.9 ശതമാനവും ഏതെങ്കിലും തരത്തിലുള്ള സ്വയം തൊഴിലിൽ ഏർപ്പെടുന്നുണ്ട്. എന്നാൽ ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും യുവജനങ്ങളുടെയിടയിലുള്ള തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കുന്നതിന് ഇത് പര്യാപ്തമല്ല. പ്രത്യേകിച്ച് അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് തൊഴിൽ മേഖലയെ പ്രാപ്യമാക്കുന്നതിനായി ഹ്രസ്വകാല ആവശ്യാധിഷ്ഠിത പരിശീലനങ്ങൾ അനിവാര്യമാണ്.

## പ്രധാന പ്രവർത്തനങ്ങൾ

കണക്ട് വർക്ക് പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പ്രധാന പ്രവർത്തനങ്ങൾ മിഷൻ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

- ഒരു ജില്ലയിൽ ഒരു കണക്ട് വർക്ക് സെന്റർ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിയ്ക്കുക.
- 14 സെന്ററുകളിലേക്കാവശ്യമായ C2W കാറ്റലിസ്റ്റുകളെ പരിശീലിപ്പിയ്ക്കുക
- കൺക്ട് വർക്ക് പഠിതാക്കൾക്കാവശ്യമായ സിലബസ് തയ്യാറാക്കുക
- പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുക
- ഓരോ സെന്ററിലും 50 യുവതീ യുവാക്കളുടെ പരിശീലനം വിജയകരമായി പൂർത്തീകരിയ്ക്കുക.
- ഇവരെ തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിയ്ക്കുക
- സാമ്പത്തിക പരാധീനത അനുഭവിയ്ക്കുന്ന യുവതീ യുവാക്കൾക്ക് ഇന്റർവ്യൂവിന് പോകുന്നതിനായി ഒരു ജോഡി ഡ്രസ്സ് ലഭ്യമാക്കുക.
- സ്വയം തൊഴിൽ/വേതന തൊഴിൽ കണ്ടെത്താൻ സഹായിക്കുക.

### പ്രവർത്തന തന്ത്രം

സെന്ററുകൾക്കാവശ്യമായ സ്ഥലസൗകര്യം താഴെപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ കണ്ടെത്താൻ കഴിയും.

- തദ്ദേശഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ

- വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ കുട്ടികൾ കുറവുള്ള സ്കൂളുകളിലെ ക്ലാസ് മുറികൾ
- ശനി, ഞായർ ദിവസങ്ങളിൽ സ്കൂളുകളുടെ ക്ലാസ് മുറികൾ
- സൗജന്യമായി മുറികൾ നൽകാൻ താല്പര്യമുള്ള സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങൾ
- വായനശാലകളുടെ ഹാളുകൾ
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഹാളുകൾ
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ലഭിയ്ക്കുകയാണെങ്കിൽ വാടകയ്ക്ക് കെട്ടിടം ലഭ്യമാക്കാൻ കഴിയും
- പ്രദേശത്ത് ഒഴിഞ്ഞു കിടക്കുന്ന വീടുകൾ (സൗകര്യമുള്ളവ-സൗജന്യമായി ലഭിക്കുന്നത്)

**സെന്ററുകൾക്കാവശ്യമായ പഠനോപകരണങ്ങൾ, ഫർണീച്ചറുകൾ എന്നിവയ്ക്കായി ഏകദേശം 200000 രൂപ ഒരു സെന്ററിനായി കണ്ടെത്തേണ്ടി വരും. ഇതിനായി താഴെപ്പറയുന്ന മാർഗ്ഗങ്ങൾ അവലംബിയ്ക്കാം.**

- എസ് സി എ ഫണ്ട് അവശേഷിയ്ക്കുന്ന സി ഡി എസുകളിൽ അവ ഇതിനായി ഉപയോഗിയ്ക്കാവുന്നതാണ്.
- സി ഡി എസ് ഫണ്ട് ലഭ്യമായ സ്ഥലങ്ങളിൽ സെന്ററിനാവശ്യമായ തുക സി ഡി എസ് കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായി ഉപയോഗിയ്ക്കാവുന്നതാണ്.
- ബാങ്കുകൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ, കമ്പനികൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സി എസ് ആർ/കോമൺ ഗുഡ് ഫണ്ടുകൾ നേടിയെടുക്കുന്നതിന് സി ഡി എസുകൾ പരിശ്രമിക്കേണ്ടതാണ്.
- സ്വകാര്യ സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരുടെ സാമ്പത്തിക സഹായം
- കുടുംബശ്രീ പ്ലാൻ ഫണ്ട് വിഹിതം

പരിശീലനം പൂർത്തിയാക്കിയ പഠിതാക്കൾക്കാവശ്യമായ തുടർ പിന്തുണകൾ അടുത്ത ആറു മാസത്തേക്ക് നൽകേണ്ട ഉത്തരവാദിത്തം നാം ഏറ്റെടുക്കണം. ഇതിനായി ജില്ലയിലെ ഡി ഡി യു ജി കെ വൈ ഏജൻസികളുടെ സഹായം ഉറപ്പുവരുത്തണം. നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് എല്ലാ മൂന്ന് മാസം കൂടുമ്പോഴും നടത്തുന്നതാണ്. കാറ്റലിസ്റ്റുകളുടെ പരിശീലനം മെയ് മാസത്തിൽ പൂർത്തീകരിയ്ക്കും. തുടർന്ന് ഇവർ ജൂൺ മാസത്തിൽ C2W സെന്ററുകളിൽ ചുമതല ഏൽക്കും.

- 2019 - 20 സാമ്പത്തിക വർഷം ഈ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ മാത്രമാണ് നടപ്പിലാക്കുന്നത്.
- ഒരു ജില്ലയിൽ ഒരു കണക്ട് വർക്ക് സെന്റർ ആരംഭിയ്ക്കുക.
- 50 യുവതീ യുവാക്കൾക്ക് പരിശീലനം നൽകുന്നു.

- ഇപ്രകാരം പരിശീലനം ലഭിയ്ക്കുന്ന 700 പേരിൽ 420 പേർക്കെങ്കിലും തൊഴിൽ ഉറപ്പാക്കുക.
- ഡി ഡി യു ജി കെ വൈ, എൻ യു എൽ എം എന്നീ പദ്ധതികളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുക.

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ 1**

**2019 മെയ് – ജൂലൈ**

- പിന്തുണാ സംവിധാനം രൂപീകരിയ്ക്കൽ
- C2Wപ്രവർത്തന മാർഗ്ഗനിർദ്ദേശം തയ്യാറാക്കൽ
- 14C2W കാറ്റലിസ്റ്റുകളുടെ പരിശീലനം
- 14 C2W സെന്ററുകൾ സ്ഥാപിക്കൽ
- C2W സിലബസ് തയ്യാറാക്കൽ
- സി ഡി എസ്/ എ ഡി എസ് ഭാരവാഹികൾക്കായി പദ്ധതി വിശദീകരണ ശില്പശാലകൾ സംഘടിപ്പിയ്ക്കുക.

**ക്വാർട്ടർ 2**

**2019 ഓഗസ്റ്റ് - ഒക്ടോബർ**

പദ്ധതി പ്രവർത്തനമാരംഭിക്കൽ

- പരിശീലനം ലഭിച്ച C2W കാറ്റലിസ്റ്റുകളെ 14 സെന്ററുകളിലും വിന്യസിയ്ക്കുക.
- തൊഴിൽ നൈപുണി നേടിയവരും എന്നാൽ ജീവിത നൈപുണികളുടെ അഭാവത്താൽ തൊഴിൽ മേഖല അപ്രാപ്യരാകുന്നവരുമായ തൊഴിലന്വേഷകരായ 50 യുവതീ യുവാക്കളെ ഓരോ പ്രദേശത്തു നിന്നും കണ്ടെത്തുക.
- .ഇവർക്ക് 90 ദിവസം നീണ്ടു നിൽക്കുന്ന സോഫ്റ്റ് സ്കിൽ ആന്റ് ഇംഗ്ലീഷ് കോഴ്സ് പരിശീലിപ്പിയ്ക്കുക.

**ക്വാർട്ടർ 3**

**നവംബർ - ജനുവരി**

തുടർ പ്രവർത്തനങ്ങൾ

- പരിശീലനം ലഭിച്ച പഠിതാക്കളുടെ ട്രാക്കിംഗ്
- ഗുണപരമായ തൊഴിൽ ലഭിച്ചുവെന്ന് ഉറപ്പാക്കൽ
- സെന്ററുകളുടെയും പരിശീലകരുടെയും നിലവാര പരിശോധന
- വിലയിരുത്തലും ഡോക്യുമെന്റേഷനും
-

**പ്രവർത്തന നേട്ടം**

പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഈ പ്രവർത്തനത്തിന്റെ ജയപരാജങ്ങൾ മനസ്സിലാക്കി കുറ്റമറ്റ പദ്ധതി രൂപീകരണം സാധ്യമാക്കുക.

ഈ പദ്ധതി എല്ലാ സി ഡി എസിലും നടപ്പിലാക്കുന്നതോടുകൂടി 1,00,000 ലക്ഷം യുവതീ യുവാക്കളെ തൊഴിൽ വിപണിയുമായി ബന്ധിപ്പിയ്ക്കുന്നതിനു കഴിയും.

## ലക്ഷ്യം 4

ഓരോ സി ഡി എസ് പ്രദേശത്തു നിന്നും 10 അയൽക്കൂട്ടങ്ങളെ വീതം ഹരിത അയൽക്കൂട്ടങ്ങളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

### പദ്ധതിയുടെ പേര്
### ഹരിത അയൽക്കൂട്ട ക്യാമ്പയിൻ

അയൽക്കൂട്ട പ്രദേശത്ത് ഹരിത ചട്ടം പാലിയ്ക്കുക, ഉത്തമ കാർഷിക രീതികൾ അവലംബിയ്ക്കുക, മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കുക, പകർച്ചവ്യാധികളെ സംബന്ധിച്ച് അറിവുണ്ടായിരിയ്ക്കുക, പ്രദേശത്തുള്ള പ്രകൃതിവിഭവങ്ങൾ പരിരക്ഷിയ്ക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന അയൽക്കൂട്ടങ്ങളെയാണ് ഹരിത അയൽക്കൂട്ടങ്ങളായി പ്രഖ്യാപിയ്ക്കുക. ഇപ്രകാരം സംസ്ഥാനത്ത് 10650 അയൽക്കൂട്ടങ്ങളെ മാതൃകാ ഹരിത അയൽക്കൂട്ടങ്ങളായി പരിവർത്തനം ചെയ്യിയ്ക്കുന്നതിന് ഈ പ്രവർത്തനത്തിലൂടെ കഴിയും.

**പശ്ചാത്തലം**

അനുദിനം നഗരവത്ക്കരിക്കപ്പെട്ടുകൊണ്ടിരിയ്ക്കുന്ന സംസ്ഥാനമാണ് കേരളം. ഉയർന്ന ജനസംഖ്യയും തന്മൂലമുള്ള ഉയർന്ന ജനസാന്ദ്രതയും കേരളം നേരിടുന്ന പ്രധാന പ്രശ്നമാണ്. ആളോഹരി സ്ഥല ലഭ്യത കുറയുന്നതുമൂലം ലഭ്യമായ പ്രകൃതി വിഭവങ്ങളുടെ മേലുള്ള കടന്നുകയറ്റം പ്രകൃതി വിഭവങ്ങളുടെ ശോഷണത്തിനും പരിസ്ഥിതി നാശത്തിനും കാരണമാകുന്നു. കാലാവസ്ഥാ വ്യതിയാനം തന്മൂലം അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വർദ്ധനവ്, ഉയർന്ന വായുമലിനീകരണ നിരക്ക്, ജലദൗർലഭ്യവും ജലമലിനീകരണവും, അനുചിതമായ കാർഷിക രീതികൾ, പ്ലാസ്റ്റിക്കിന്റെ ഉയർന്ന ഉപയോഗം, ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന്റെ അഭാവം, മണ്ണ് മലിനീകരണം, വനത്തിന്റെ വിസ്തൃതിയിലുണ്ടാകുന്ന കുറവ്, ജലാശയങ്ങൾ, പുഴകൾ, തോടുകൾ എന്നിവയ്ക്കുമേലുള്ള കയ്യേറ്റം, ചതുപ്പ് പ്രദേശങ്ങൾ, കൃഷിഭൂമികൾ എന്നിവയുടെ നികത്തൽ തുടങ്ങി നിരവധി പ്രശ്നങ്ങളാണ് കേരളം അഭിമുഖീകരിയ്ക്കുന്നത്.

കാലാവസ്ഥാ വ്യതിയാനവും പാരിസ്ഥിതിക തകർച്ചയും എല്ലാ ജനവിഭാഗങ്ങളെയും ബാധിയ്ക്കുമെങ്കിലും അതേറ്റവും കൂടുതൽ പ്രതികൂലമായി ബാധിയ്ക്കുന്നത് ദരിദ്രരെയും സ്ത്രീകളെയും കുട്ടികളെയുമാണ്. രോഗങ്ങളും ദുരിതങ്ങളും ദരിദ്രന്റെ ജീവിതത്തെ കൂടുതൽ കഠിനകരമാക്കുന്നു. അതുകൊണ്ട് തന്നെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നത് കേവലം സാമ്പത്തിക ശാക്തീകരണത്തിൽ ഒതുക്കാൻ കഴിയുന്നതല്ല. അന്തസ്സുറ്റതും ഗുണപരവുമായ ജീവിതം നയിക്കുമ്പോഴാണ് ഒരു വ്യക്തിയ്ക്ക് സമൂഹത്തിൽ ഗുണപരമായി ഇടപെടാനുള്ള ശേഷി ഉണ്ടാകുന്നത്.[2] പീറ്റർ ടൗൺസെൻഡിന്റെ ആപേക്ഷിക ദാരിദ്ര്യത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു,

---

[2] Peter Townsends's relative deprivation concept (1979)

“Poverty may be best understood as applying …….to those whose resources do not allow them fulfill the elaborate social demands and customs which have been placed upon citizens of that society………. If people lack or are denied resources to obtain access to diets, amnesties, standards, services, and activities which are common or customary in society, or to meet the obligation expected of them or imposed upon them in their social roles and relationships and so fulfill membership of society, they may be said to be in poverty.”

അന്തസ്സറ്റും ഗുണപരവുമായ ജീവിതം നയിയ്ക്കുന്നതിന് പ്രകൃതി സംരക്ഷണം അനിവാര്യമാണ്. അതുകൊണ്ടുതന്നെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ വിഭവസംരക്ഷണം എന്നത് പ്രാധാന്യമുള്ളതാണ്.

2018 - 19 സാമ്പത്തിക വർഷം ആരോഗ്യ ജാഗ്രത ക്യാമ്പയിന്റെ ഭാഗമായി ഹരിത അയൽക്കൂട്ടം എന്ന സങ്കല്പം അയൽക്കൂട്ടങ്ങളിൽ ചർച്ച ചെയ്തിരുന്നു. എന്നാൽ അപ്രതിക്ഷിതമായുണ്ടായ പ്രളയവും പ്രകൃതിക്ഷോഭവും മൂലം ഈ പ്രവർത്തനങ്ങളെ ഗുണപരമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല. കേരളത്തിൽ വർദ്ധിച്ചു വരുന്ന സാംക്രമിക രോഗങ്ങളും പ്രകൃതിവിഭങ്ങളുടെ ശോഷണവും ഈ പ്രവർത്തനം ഗൗരവപൂർവ്വം ഏറ്റെടുക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു.

| Kudumbashree Arogya Jagratha Campaign 2018-2019 | | | | | | | | |
|---|---|---|---|---|---|---|---|---|
| No | Districts | Number of CDSs | Number of CDSs Conducted Arogya Jagratha Campaign | Percentage of CDSs participated | Number of NHGs conducted Special NHG Meetings | Number of Haritha NHGs to be identified (Target) | Number of Haritha NHGs identified by CDS |
| 1 | Thiruvananthapuram | 83 | 81 | 97.59 | 19812 | 415 | 344 |
| 2 | Kollam | 74 | 70 | 94.59 | 15445 | 370 | 333 |
| 3 | Pathanamthitta | 58 | 38 | 65.52 | 4667 | 290 | 125 |
| 4 | Alappuzha | 79 | 79 | 100 | 10308 | 395 | 0 |
| 5 | Kottayam | 78 | 78 | 100 | 11447 | 390 | 187 |
| 6 | Idukki | 54 | 48 | 88.89 | 9596 | 270 | 70 |
| 7 | Ernakulam | 101 | 101 | 100 | 17447 | 505 | 405 |
| 8 | Thrissur | 100 | 100 | 100 | 18923 | 500 | 87 |
| 9 | Palakkad | 96 | 96 | 100 | 11647 | 480 | 480 |
| 10 | Malappuram | 110 | 110 | 100 | 25347 | 550 | 738 |
| 11 | Kozhikode | 82 | 0 | 0 | 0 | 410 | 80 |
| 12 | Wayanad | 26 | 26 | 100 | 8932 | 130 | 734 |
| 13 | Kannur | 81 | 81 | 100 | 16952 | 405 | 236 |
| 14 | Kasaragod | 42 | 42 | 100 | 7280 | 210 | 148 |
| | **Total** | **1064** | **950** | **89.29** | **177803** | **5320** | **3967** |

2018 - 19 സാമ്പത്തിക വർഷത്തിൽ 3967അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ടങ്ങളായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഈ അയൽക്കൂട്ടങ്ങൾക്ക് തുടർപ്രവർത്തനങ്ങൾ നിശ്ചയിക്കുന്നതിലും ഹരിത അയൽക്കൂട്ട സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനും കഴിഞ്ഞില്ല. ഈ പോരായ്മകൾ നികത്തികൊണ്ട് ഹരിതകേരള മിഷനുമായി ചേർന്ന് കൂടുതൽ ശാസ്ത്രീയവും ഫലദായകവുമായ രീതിയിൽ ഹരിത അയൽക്കൂട്ട ക്യാമ്പയിൻ നടത്തുവാൻ 2019 - 2020 സാമ്പത്തിക വർഷം പദ്ധതി വിഭാവനം ചെയ്യുന്നു.

**പ്രധാന പ്രവർത്തനങ്ങൾ**

- ഹരിത അയൽക്കൂട്ട പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുക
- ഹരിതായൽക്കൂട്ട തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ നിശ്ചയിക്കുക
- ജില്ലതലാസൂത്രണം
- സി ഡി എസ്, എ ഡി എസ് തല പരിശീലനം
- മോണിട്ടറിംഗ് ടീമിനെ നിശ്ചയിക്കലും പരിശീലനവും
- ഹരിത അയൽക്കൂട്ട സർട്ടിഫിക്കേഷൻ
- ഹരിത എ ഡി എസ്, സി ഡി എസ് പ്രഖ്യാപനം
- വിലയിരുത്തലും ഡോക്യുമെന്റേഷനും

**പ്രവർത്തന തന്ത്രം**

ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ, കില എന്നീ ഏജൻസികളുടെ സാങ്കേതിക, സാമ്പത്തിക സഹായത്തോടുകൂടിയാണ് ഈ പ്രവർത്തനം സംഘടിപ്പിക്കുന്നത്. ആദ്യ ഘട്ടത്തിൽ നിലവിലുള്ള ഹരിത അയൽക്കൂട്ടങ്ങളുടെ പരിശോധനയും പരിഹാര നടപ്പടികൾ സ്വീകരിക്കലുമാണ്. പ്രവർത്തന പോരായ്മയുള്ള അയൽക്കൂട്ടങ്ങൾക്ക് പരിഹാര നടപടികൾ സ്വീകരിക്കാൻ സമയം അനുവദിക്കും. നിശ്ചിത സമയത്തിനകം പരിഹാര നടപടികൾ സ്വീകരിക്കാത്ത അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ട പട്ടികയിൽ നിന്ന് ഒഴിവാക്കുകയും

ചെയ്യുന്നതാണ്. രണ്ടാമതായി ഓരോ സി ഡി എസിലും നിലവിലുള്ള ഹരിത അയൽക്കൂട്ടങ്ങൾ കൂടാതെ പുതുതായി 10 അയൽക്കൂട്ടങ്ങളെക്കൂടി ഹരിത അയൽക്കൂട്ട നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. 2019 ജൂൺ, ജൂലൈ, ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിലായി ഈ പ്രവർത്തനം പൂർത്തീകരിക്കുകയും ഒക്ടോബർ 2 ന് ഹരിത അയൽക്കൂട്ട പ്രഖ്യാപനം നടത്തുകയും ചെയ്യുന്നതാണ്. നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് എല്ലാ മൂന്ന് മാസം കൂടുമ്പോഴും നടത്തുന്നതാണ്.

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ 1**

**2019 മെയ് – ജൂലൈ**

**പിന്തുണാ സംവിധാനം**

- ഹരിത അയൽക്കൂട്ട പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കൽ
- ഹരിത അയൽക്കൂട്ട തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ തയ്യാറാക്കുക
- പിന്തുണാ ഏജൻസികളുടെ ആലോചനാ യോഗം സംഘടിപ്പിയ്ക്കുക
- ജില്ലാതല ആസൂത്രണ യോഗം
- പ്രവർത്തന കലണ്ടർ തയ്യാറാക്കൽ
- സി ഡി എസ് , എ ഡി എസ് തല പരിശീലനം പൂർത്തീകരിയ്ക്കുക

**ഹരിത അയൽക്കൂട്ട പ്രവർത്തനം**

- മെയ് മാസത്തിലെ ആദ്യത്തെ ആഴ്ച എല്ലാ അയൽക്കൂട്ടങ്ങളിലും ഹരിത അയൽക്കൂട്ട പ്രവർത്തന മാർഗ്ഗരേഖ ചർച്ച ചെയ്യുന്നു.
- ഈ ഘട്ടത്തിൽ ഓരോ അയൽക്കൂട്ടത്തിലും അയൽക്കൂട്ട കുടുംബങ്ങളിലും പ്രവർത്തന മാർഗ്ഗരേഖയിൽ പറഞ്ഞിരിയ്ക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുന്നു. ജൂൺ മാസം മുതൽ ഓഗസ്റ്റ് മാസം വരെയാണ് ഈ പ്രവർത്തനം സംഘടിപ്പിയ്ക്കുന്നത്.

**ക്വാർട്ടർ 2**

**2019 ഓഗസ്റ്റ് - ഒക്ടോബർ**

- ഹരിത അയൽക്കൂട്ട പ്രവർത്തനം തുടരുന്നു.
- ഹരിത അയൽക്കൂട്ട പരിശോധന
- സെപ്തംബർമാസത്തിൽ പരിശീലനം ലഭിച്ച ഹരിത വോളന്റിയർമാർ അയൽക്കൂട്ടങ്ങൾ സന്ദർശിച്ച് ഹരിത മാനദണ്ഡപ്രകാരമാണോ അയൽക്കൂട്ടങ്ങൾ പ്രവർത്തിയ്ക്കുന്നതെന്ന് വിലയിരുത്തുന്നു.
- ഇപ്രകാരം തിരഞ്ഞെടുക്കുന്ന അയൽക്കൂട്ടങ്ങളെ ഹരിത അയൽക്കൂട്ടങ്ങളായി 2019 ഒക്ടോബർ 2 ന് പ്രഖ്യാപിയ്ക്കുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും.

**ക്വാർട്ടർ 3**

**നവംബർ - ജനുവരി**

**തുടർ പ്രവർത്തനങ്ങൾ**

- ഹരിത അയൽക്കൂട്ട പ്രഖ്യാപനത്തിനുശേഷം ഹരിത എ ഡി എസുകളെയും ഹരിത സി ഡി എസുകളെയുംതിരഞ്ഞെടുക്കുന്ന പ്രക്രിയ ആരംഭിയ്ക്കും.

- ഉത്തമ കാർഷിക രീതികൾ അവലംബിയ്ക്കുക, ഗ്രീൻ എന്റർപ്രൈസസ് പ്രോത്സാഹിപ്പിയ്ക്കുക തുടങ്ങിയവ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.
- 2020 ജനുവരിമാസത്തോടുകൂടി ഹരിത അയൽക്കൂട്ട ക്യാമ്പയിൻ പൂർത്തീകരിയ്ക്കുകയും വിലയിരുത്തലും ഡോക്യുമെന്റേഷനും നടത്തുകയും ചെയ്യുന്നതാണ്.

**പ്രവർത്തന നേട്ടം**

- അന്തസ്സുറ്റതും ഗുണപരവുമായ ജീവിതം നയിക്കുന്നതിനും അതിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഗതിവേഗം വർദ്ധിപ്പിയ്ക്കുക.
- അയൽക്കൂട്ടാംഗങ്ങൾക്ക് പഠിയ്ക്കുന്നതിനും തങ്ങളുടെ പ്രദേശത്ത് പകർത്തുന്നതിനും കഴിയുന്ന മാതൃകാ അയൽക്കൂട്ട പ്രദേശങ്ങൾ സൃഷ്ടിക്കുക.

## ലക്ഷ്യം 5

**തീരദേശ സംഘടനാ സംവിധാനത്തിന്റെ ശാക്തീകരണം**

**പദ്ധതിയുടെ പേര്**

**തീരശ്രീ**

തീരദേശമേഖലയിലെ കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സമഗ്രമായ നവീകരണവും വ്യാപനവുമാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം.

**പശ്ചാത്തലം**

സമൂഹത്തിലെ ഏറ്റവും അരക്ഷിതാവസ്ഥ അനുഭവിക്കുന്ന വിഭാഗങ്ങളിലൊന്നാണ് തീരദേശവാസികൾ. ജോലിയിലുള്ള അനിശ്ചിതാവസ്ഥ, ക്രമമായ വരുമാനം ലഭിക്കാത്ത സാഹചര്യം, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, ആരോഗ്യ പ്രശ്നങ്ങൾ (പ്രത്യേകിച്ച് സ്ത്രീകളിലും കുട്ടികളിലും), കുടിവെള്ള ലഭ്യതക്കുറവ്, മത്സ്യബന്ധനവും അനുബന്ധ പ്രവർത്തനങ്ങളുമൊഴിച്ച് മറ്റു ഉപജീവന പ്രവർത്തനങ്ങളുടെ അഭാവം ഇവയെല്ലാം തീരദേശ ജനതയുടെ ജീവിതത്തെ കൂടുതൽ ദുരിതത്തിലാക്കുന്നു. ഈ പ്രശ്നങ്ങളുടെ ദുരിതങ്ങൾ ഏറ്റവുമധികം അനുഭവിക്കുന്നത് സ്ത്രീകളും കുട്ടികളുമാണ്. ആദിവാസി മേഖല പോലെ തന്നെ പ്രത്യേക ഊന്നൽ നൽകി ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ട മേഖലയാണ് തീരദേശ മേഖല.

കേരളത്തിന്റെ ആകെ വിസ്തീർണ്ണം 38863 ച.കി.മീറ്റർ ആണ്. ഇതിൽ 3355 ച.കി.മീ ആണ് തീരദേശമേഖല. നഗര തീരദേശമേഖലയിലെ ജനസാന്ദ്രത ച.കി.മീറ്ററിന് 4228 ഉം ഗ്രാമ തീരദേശമേഖലയിൽ ഇത് 1700 ആണ്. സംസ്ഥാന ശരാശരി നഗര മേഖലയിൽ 1097 ഉം ഗ്രാമമേഖലയിൽ ഇത് 600 ഉം ആണ്.

വർദ്ധിച്ചുവരുന്ന ജനസംഖ്യയാണ് തീരദേശമേഖലയിൽ നിലവിലെ പ്രകൃതി വിഭവങ്ങളുടെ മുകളിൽ വലിയ തോതിൽ സമ്മർദ്ദം ചെലുത്തുന്നത്. അനധികൃതമായ വികസന പ്രവർത്തനങ്ങളും തീരദേശമേഖലയിൽ ഖരമാലിന്യ നിർമാര്ജന പ്രശ്നങ്ങൾ ഉയർത്തുന്നു. മേഖലയെ കുറിച്ചുള്ള മികച്ച ഗവേഷണ റിപ്പോർട്ടുകളും സർക്കാർ പഠന റിപ്പോർട്ടുകളും ഉയർത്തുന്ന പ്രധാന പ്രശ്നങ്ങൾ താഴെകൊടുത്തിരിക്കുന്നു:-

- ഭൂമി കടൽ കയറുന്നത്
- വീട്ടുകൾക്ക് ഉടമസ്ഥാവകാശം ഇല്ലാത്തത്
- ജനപ്പെരുപ്പം
- പ്രകൃതി വിഭവങ്ങളുടെ അനധികൃത ചൂഷണം
- അനധികൃത മണൽ ഖനനം

- കുടിവെള്ള പ്രശ്നങ്ങൾ
- മത്സ്യവിഭവങ്ങളുടെ കുറവ്
- ജല-ഖര മാലിന്യ സംസ്കരണത്തിന്റെ അഭാവം

പ്രസ്തുത പ്രശ്നങ്ങൾ എല്ലാം അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലമാണ്. ഇത്തരം പ്രശ്നങ്ങളിൽ കുടുംബശ്രീയുടെ നേരിട്ടുള്ള ഇടപെടൽ സാധ്യകുറവാണ്. എന്നാൽ കേരളത്തിലെ മത്സ്യതൊഴിലാളി സമൂഹം മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച മനുഷിക വികസന രേഖകളിൽ (എച്ച്ഡിഐ) വളരെ പിറകിലാണ്. മേഖല നേരിടുന്ന പ്രധാന സാമൂഹ്യ പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു:-

- വർദ്ധിച്ചുവരുന്ന കടബാധ്യത വലിയൊരു പ്രശ്നമാണ്.
- പുരുഷന്മാരാണ് മത്സ്യബന്ധനത്തിൽ ഏർപെടാറുള്ളത് സ്ത്രീകൾ മത്സ്യ വിപണനത്തിനും മറ്റു അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. കുട്ടികൾ പൊതുവേ സ്കൂൾ വിദ്യാഭ്യാസത്തിൽ പുറകിലാണ്. സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കാത്തവരും ചെറുപ്രായത്തിൽ തന്നെ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതും കാണാവുന്നതാണ്. വിദ്യാഭ്യാസത്തിന് പൊതുവേ പ്രാധാന്യം കുറവുള്ള മേഖലയാണിത്. കൂടാതെ തൊഴിൽ നൈപുണ്യ പരിശീലനങ്ങളിൽ ഏർപ്പെടുന്നതും വളരെ കുറവാണ്.
- കായിക വിനോദങ്ങളിൽ ഏർപ്പെടുന്നതിനുള്ള സൗകര്യങ്ങൾ നിലവിൽ വലിയ തോതിൽ ഇല്ല. യുവാക്കൾ ചീട്ടുകളിയിലും മയക്ക മരുന്നിനും അടിമപ്പെടുന്നു.
- കെട്ടുറപ്പില്ലാത്ത വീടുകളും നല്ല ശൗചാലയങ്ങളുടെ അഭാവവും കുടിവെള്ളത്തിന്റെ ലഭ്യതക്കുറവും കാരണം തീരദേശ മേഖലയിൽ അസുഖങ്ങളുടെ വിഹാരകേന്ദ്രമാകുന്നു. ഇത്തരത്തിൽ ആരോഗ്യ പ്രശ്നങ്ങളും ഇതുവരുത്തി വയ്ക്കുന്ന അമിത ചെലവും പ്രദേശനിവാസികളെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നു.
- മത്സ്യത്തൊഴിലാളികൾ പൊതുവെ സമ്പാദ്യ ശീലം ഉള്ളവരല്ല. മൈക്രോ ഫൈനാസിനുള്ള പരിശീലനം അത്യാവശ്യമാണ്.

കുടുംബശ്രീയുടെ അയൽക്കൂട്ട സംവിധാനത്തിന് തീരദേശ മേഖലയിൽ കാര്യമായ സ്വാധീനം ചെലുത്താൻ സാധിക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. ഈ സാഹചര്യത്തിൽ മൈക്രോഫിനാൻസിലൂന്നിയ ഒരു ഇടപെടൽ തന്ത്രം വിലപ്പോവില്ല. സാമൂഹിക വികസനത്തിലൂന്നിയ ഇടപെടൽ തന്ത്രമാണ് ഈ കുറിപ്പ് മുന്നോട്ട് വയ്ക്കുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു പല ഏജൻസികളും ഇടപെടാത്ത ഒരു മേഖലയുമാണിത്. കൂടാതെ ഇതിന് മുന്നോടിയായി കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തെ ശക്തിപ്പെടുത്തേണ്ട നടപടികളും സ്വീകരിക്കേണ്ടതുണ്ട്. തീരദേശ മേഖലകളിലെ സത്രീ സമൂഹത്തെ കുടുംബശ്രീയിലേക്ക് ആകർഷിക്കുവാൻ നടത്തുന്ന ശ്രമങ്ങൾക്ക് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഏകോപനം ആവശ്യമാണ്. ഇതിനായി തീരദേശ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രമുഖ സർക്കാർ, സർക്കാരിതര ഏജൻസികളുടെ ഒരു കൂട്ടായ്മ രൂപപ്പെടുത്തേണ്ടതാണ്.

**കുടുംബശ്രീ ഇടപെടീൽ**

2017 -18 സാമ്പത്തിക വർഷം മുതൽ തീരദേശ മേഖലയിൽ തീരദേശ വോളന്റിയർമാരുടെ സേവനം ഉപയോഗിച്ചുകൊണ്ട് കുടുംബശ്രീ പ്രവർത്തനത്തെ ശക്തിപ്പെടുത്തുവാൻ പരിശ്രമിച്ചിരുന്നു. 11342 അയൽക്കൂട്ടങ്ങൾ നിലവിൽ തീരദേശമേഖലയിൽ പ്രവർത്തിച്ചു വരുന്നു. ഇതിൽ 8315 അയൽക്കൂട്ടങ്ങൾ ബാങ്കുമായി ലിങ്കേജ് ചെയ്തിട്ടുണ്ട്. 318.2 കോടി രൂപ ലിങ്കേജ് ലോൺ ഇനത്തിൽ ഈ അയൽക്കൂട്ടങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. 1135 വ്യക്തിഗത സംരംഭങ്ങളും 1488 ഗ്രൂപ്പ് സംരംഭങ്ങളും ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്നു. 21516 കുടുംബശ്രീ അംഗങ്ങൾ സംരംഭ പ്രവർത്തിലൂടെ ഉപജീവനം കണ്ടെത്തുന്നു. തീരദേശമേഖലയിലെ സംരഭങ്ങൾക്ക് 75 ശതമാനം മൂലധന സബ്സിഡി നൽകികൊണ്ട് സംരംഭ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക ശ്രദ്ധ ഈ മേഖലയ്ക്കായി നൽകി വരുന്നു.

**പ്രധാന പ്രവർത്തനങ്ങൾ**

1. സാമൂഹികമായ ഉൾച്ചേർക്കൽ
2. സാമ്പത്തിക സാക്ഷരതാ പ്രവർത്തനവും ബാങ്ക് ലിങ്കേജും
3. ഉപജീവന പ്രവർത്തനങ്ങൾ
4. സാമ്പത്തിക പിന്തുണകൾ ലഭ്യമാക്കുക
5. സാമൂഹിക, സാംസ്കാരിക, ആരോഗ്യ മേഖലകളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ - പ്രതിഭാതീരം, കായികതീരം പദ്ധതികൾ

**പ്രവർത്തന തന്ത്രം**

കുടുംബശ്രീ ഒറ്റയ്ക്ക് വിചാരിച്ചാൽ പരിഹരിക്കാവുന്ന പ്രശ്നങ്ങളല്ല തീരദേശമേഖലയിലുള്ളത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെ ആയിരിക്കണം കുടുംബശ്രീ ഇടപെടീൽ ഈ മേഖലയിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. കിലയുടെ നേതൃത്വത്തിൽ തീരദേശമേഖലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, കുടുംബശ്രീ ഭാരവാഹികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് കുടുംബശ്രീ വാർഷിക പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനത്തിനുള്ള പങ്ക് ഉറപ്പാക്കുന്നു. ഏപ്രിൽ/മെയ് മാസത്തിൽ ഈ പ്രവർത്തനം പൂർത്തീകരിക്കണം. നഗരമേഖലയിലെ തീരദേശ അയൽക്കൂട്ടങ്ങളെയും 'തീരശ്രീ' പ്രവർത്തനപരിധിയിലേക്ക് കൊണ്ടുവരണം. ഈ മേഖലയിലേയ്ക്ക് പ്ലാൻ ഫണ്ടിൽ നിന്നും തീരദേശ വോളന്റിയർമാരെ നിയമിക്കുന്നതിന് ശ്രമിക്കുന്നത് ഉചിതമായിരിക്കും. വാർഷിക പദ്ധതി പ്രവർത്തനം കുടുംബശ്രീ സംഘടനാ സംവിധാനം ഏറ്റെടുക്കുന്നതിനായി എല്ലാ സി ഡി എസ് പ്രദേശത്തും തീരദേശ എ ഡി എസ്, അയൽക്കൂട്ട ഭാരവാഹികളുടെ യോഗം വിളിച്ച് ചേർത്ത് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തും. അതോടൊപ്പം നിലവിലുള്ള സംഘടനാ സംവിധാനത്തിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനായി കാസ്സ് ടീമിനെ ഉപയോഗിച്ച് പ്രത്യേക കണക്ക് എഴുത്ത് പരിശീലനവും രേഖകൾ ക്രമപ്പെടുത്തൽ നടപടിയും സ്വീകരിക്കും. അഫിലിയേഷൻ

പുതുക്കാത്ത അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് എല്ലാ മൂന്ന് മാസം കൂടുമ്പോഴും നടത്തുന്നതാണ്. പ്രവർത്തനങ്ങൾ എല്ലാം ഒന്നിച്ച് ആരംഭിക്കേണ്ടതാണ്.

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ 1**

**2019 മെയ് – ജൂലൈ**

- സംഘടനാ ശാക്തീകരണവും നിലവിലുള്ള പ്രവർത്തനങ്ങളുടെ അവലോകനവും
- നിലവിലുള്ള അയൽക്കൂട്ടങ്ങളുടെ രേഖകൾ ക്രമപ്പെടുത്തലും കണക്ക് എഴുത്ത് പരിശീലനവും (നിലവിലുള്ള കാസ് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ)
- എം ഇ യൂണിറ്റുകളുടെ പ്രവർത്തനാവലോകനം
- അയൽക്കൂട്ടങ്ങളുടെ സൂക്ഷ്മ സാമ്പത്തിക പ്രവർത്തനങ്ങളുടെ അവലോകനം
- തീരദേശമേഖലയിലെ ജനസംഖ്യ കണക്കാക്കലും ഡേറ്റകളുടെ ക്രമപ്പെടുത്തലും.
- കോസ്റ്റൽ വോളന്റിയർമാരുടെ നിയമനവും പ്രവർത്തനാവലോകനവും
- സാമൂഹികമായ ഉൾച്ചേർക്കൽ
- അയൽക്കൂട്ട പരിധിയിൽ വരാത്ത കുടുംബങ്ങളുടെ 50 ശതമാനത്തെയെങ്കിലും അയൽക്കൂട്ടത്തിലേയ്ക്ക് കൊണ്ടു വരണം.
- സാമ്പത്തികമായ ഉൾച്ചേർക്കലും സാമ്പത്തിക സാക്ഷരതയും
- ലിങ്കേജിലേയ്ക്ക് വരാത്ത 5000 അയൽക്കൂട്ടങ്ങളെ പുതുതായി ലിങ്കേജിലേയ്ക്ക് കൊണ്ടുവരും.
- തീരദേശത്തെ എല്ലാ അയൽക്കൂട്ടങ്ങളിലും സാമ്പത്തിക സാക്ഷരതാ പ്രവർത്തനം സംഘടിപ്പിയ്ക്കും.

**ക്വാർട്ടർ 2**

**2019 ഓഗസ്റ്റ് - ഒക്ടോബർ**

- ലിങ്കേജ് പ്രവർത്തനം തുടരും
- മൾട്ടിപ്പിൾ ലോൺ ഒഴിവാക്കുന്നതിനായി ഡെബ്റ്റ് സ്വാപ്പിംഗ് പദ്ധതി നടപ്പിലാക്കും. നിലവിൽ മൾട്ടിപ്പിൾ ലോൺ എടുത്തിട്ടുള്ള അയൽക്കൂട്ടങ്ങളിൽ 25 ശതമാനത്തെയെങ്കിലും ഈ പരിപാടിയിൽ ഉൾപ്പെടുത്തും.
- നിലവിൽ റിവോൾവിംഗ് ഫണ്ട് ലഭിച്ചിട്ടില്ലാത്ത അയൽക്കൂട്ടങ്ങളിൽ 1500 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിയ്ക്കും. (തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള സംയോജന സാധ്യത പരിശോധിയ്ക്കും)
- അയൽക്കൂട്ടങ്ങൾ നടത്തിയ മൈക്രോ ക്രെഡിറ്റ് പ്ലാൻ പ്രകാരം ലിങ്കേജ് വായ്പയുടെ ഉപയോഗം ഫലപ്രദമാക്കാൻ പരിശ്രമിയ്ക്കും.

- **ഉപജീവന പ്രവർത്തനങ്ങൾ**
- 1000 വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിയ്ക്കുക
- (എം ഇ, എം കെ എസ് പി, എ ച്ച് ടീമുകളുടെ സഹായത്തോടെ)
- 3000 യുവതീ യുവാക്കളെ ഡി ഡി യു ജി കെവൈ പദ്ധതിയിൽ എൻറോൾ ചെയ്യിയ്ക്കുക.
- **സാമൂഹിക, സാംസ്കാരിക, ആരോഗ്യ മേഖലകളുടെ ഉന്നമനം**
- വായനശാലകൾ കേന്ദ്രീകരിച്ച് അഞ്ചു മുതൽ പത്തു വയസ്സുവരെ ക്ലാസുകളിൽ പഠിയ്ക്കുന്ന കുട്ടികൾക്കായി സായാഹ്നങ്ങളിൽ പ്രത്യേക ട്യൂഷൻ ക്ലാസുകളും കരിയർ ഓറിയന്റേഷൻ പരിപാടികളും. **പ്രതിഭാതീരം** എന്നായിരിയ്ക്കും ഈ പദ്ധതി അറിയപ്പെടുക.
- യുവതീ യുവാക്കൾക്കായി പ്രത്യേക മത്സര പരീക്ഷാ പരിശീലനങ്ങൾ
- തദ്ദേശഭരണസ്ഥാപനങ്ങൾ ,സ്പോർട്സ് കൗൺസിൽ,യുവജനക്ഷേമ ബോർഡ്, യുവജന ക്ലബ്ബുകൾ, സ്വകാര്യ ഏജൻസികൾ എന്നിവരുടെ സഹായത്തോടെ കുട്ടികൾ, കൗമാരക്കാർ, യുവതീ യുവാക്കൾ എന്നിവർക്കായി കായിക പരിശീലനം സംഘടിപ്പിക്കണം. ജീവിതത്തിൽ ലക്ഷ്യബോധമുള്ളവരാക്കി യുവജനതയെ മാറ്റുക എന്നതാണ് ഇതിന്റെ ലക്ഷ്യം. **കായികതീരം** എന്നായിരിയ്ക്കും ഈ പദ്ധതി അറിയപ്പെടുക.

**ക്വാർട്ടർ 3**
**നവംബർ - ജനുവരി**

- പ്രവർത്തനങ്ങളുടെ വിലയിരുത്തൽ
- പ്രതിഭാതീരം, കായിക തീരം പ്രവർത്തനങ്ങളുടെ തുടർച്ച.

**പ്രവർത്തന നേട്ടം**

- തീരദേശമേഖലയിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തുക.
- സ്വകാര്യ പണമിടപാടുകാരുടെ പ്രവർത്തനത്തെ പ്രതിരോധിയ്ക്കുക.
- യുവതീ യുവാക്കളെ ലക്ഷ്യബോധമുള്ളവരാക്കുക.

## ലക്ഷ്യം 6

### സുസ്ഥിര സി ഡി എസ് മാതൃക സൃഷ്ടിയ്ക്കുക

### പദ്ധതിയുടെ പേര്
### സുസ്ഥിരം 2019

അംഗങ്ങളുടെ ഉടമസ്ഥതയിലുള്ള, അംഗങ്ങളാൽ നയിക്കുന്ന, അംഗങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന സംഘടനാ സംവിധാനത്തിന്റെ മാതൃക സൃഷ്ടിക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.

**പശ്ചാത്തലം**

സാമ്പത്തിക ശാക്തീകരണം, സാമൂഹ്യശാക്തീകരണം, സ്ത്രീശാക്തീകരണം എന്നീ മൂന്ന് വിശാല ലക്ഷ്യങ്ങൾ പൂർത്തീകരിയ്ക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. 'സ്ത്രീയിലൂടെ കുടുംബത്തിലേയ്ക്ക് കുടുംബത്തിലൂടെ സമൂഹത്തിലേയ്ക്ക്' എന്നതാണ് കുടുംബശ്രീയുടെ പ്രവർത്തന തന്ത്രം. ഈ ലക്ഷ്യം നേടുന്നതിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പങ്ക് വളരെ വലുതാണ്. സ്വയം പ്രവർത്തന സജ്ജമായ ഒരു സംഘടനാ സംവിധാനത്തിനു മാത്രമേ ദീർഘകാലാടിസ്ഥാനത്തിൽ ഈ ലക്ഷ്യത്തിലേയ്ക്ക് പ്രവർത്തിയ്ക്കാൻ കഴിയൂ. ഇരുപതു വർഷമായിട്ടും സ്വയംപ്രവർത്തന സജ്ജമാകുവാൻ കുടുംബശ്രീ സംഘടനാ സംവിദ്ധാനത്തിനു കഴിഞ്ഞിട്ടില്ലായെന്നത് ഗൗരവമായ വിലയിരുത്തലിന് വിധേയമാക്കേണ്ടതാണ്.

കുറ്റംബശ്രീ സമൂഹാധിഷ്ഠിത സംഘടനാ സംവിധാനം ക്രമപ്പെടുത്തിയിരിയ്ക്കുന്നത് സ്വതന്ത്രമായി പ്രവർത്തിയ്ക്കാൻ കഴിയും വിധമാണ്. കുടുംബശ്രീ സി ഡി എസ് ബൈലോ ഇതിനനുസൃതമായിട്ടാണ് രൂപപ്പെടുത്തിയിട്ടുള്ളത്. കുടുംബശ്രീ സംസ്ഥാന മിഷന്റെയൊ ജില്ലാമിഷന്റെയോ കീഴ്ഘടകമല്ല സി ഡി എസുകൾ. കുടുംബശ്രീ ബൈലോയ്ക്ക് വിധേയമായി ഓരോ സി ഡി എസും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് പ്രത്യേകമായി രജിസ്റ്റർ ചെയ്യുവയാണ്. അതുകൊണ്ടു തന്നെ സ്വയം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ഓരോ സി ഡി എസിനും അധികാരമുണ്ട്. എന്നാൽ കുടുംബശ്രീ സംസ്ഥാന, ജില്ലാ മിഷനുകൾ നിശ്ചയിക്കുന്ന പരിപാടികൾ നടപ്പിലാക്കുന്ന ഏജൻസിയായി സി ഡി എസുകൾ പ്രവർത്തനങ്ങളെ പരിമിതപ്പെടുത്തുകയാണ് പതിവ്. സ്വന്തമായി ഫണ്ടുകൾ കണ്ടെത്തുന്നതിലും പ്രദേശത്തെ ദരിദ്രരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും സ്വന്തം പ്രവർത്തനത്തിനെങ്കിലും വരുമാനം കണ്ടെത്തുന്നതിനും സി ഡി എസുകൾക്ക് കഴിയണം.

കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളെ സുസ്ഥിര, സ്വാശ്രയ, സ്വയംപര്യാപ്ത പഞ്ചായത്തുകളാക്കുന്നതിനായി 'S3' പഞ്ചായത്തുകൾ എന്ന പദ്ധതി 2004 ൽ ആരംഭിച്ചിരുന്നു. കുട്ടികളുടെ വികസനം, ആരോഗ്യ പരിക്ഷ, വയോജന പരിരക്ഷ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ വികസനം, വിദ്യാഭ്യാസം, കൗമാരക്കാരുടെ കരുതൽ, സ്ത്രീ ശാക്തീകരണം, സംരഭകത്വ വികസനം, കാർഷിക, മൃഗസംരക്ഷണ പ്രവർത്തനങ്ങൾ, തൊഴിലില്ലായ്മ പരിഹരിയ്ക്കുന്നതിനുള്ള ശ്രമങ്ങൾ, ആശ്രയ, പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ ബഹുമുഖ പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തുകളുടെ സമഗ്രവികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ, തൃശ്ശൂർ ജില്ലയിലെ കൊടകര, മലപ്പുറം ജില്ലയിലെ മുന്നിയൂർ ഗ്രാമപഞ്ചായത്തുകളിലാണ് ഈ പ്രവർത്തനം ആദ്യമായി ആരംഭിച്ചത്. പിന്നീട് രണ്ടു ഘട്ടങ്ങളിലായി 84 ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിച്ചു. പ്രവർത്തന ബാഹുല്യവും ഫണ്ടുകളുടെ അപര്യാപ്തതയും സി ഡി എസുകളുടെയും ഗ്രാമപഞ്ചായത്തുകളുടെയും പ്രചോദനക്കുറവും ക്രമേണ ഈ പദ്ധതിയുടെ പുരോഗതിയെ പിന്നോട്ടടുപ്പിയ്ക്കുകയും കാലക്രമത്തിൽ ഈ പദ്ധതി നിന്നുപോകുകയും ചെയ്തു. കുടുംബശ്രീയും ഗ്രാമപഞ്ചായത്തും തമ്മിലുള്ള സംയോജിത പദ്ധതിയായിട്ടാണ് ഇത് വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതിയിൽ കുടുംബശ്രീ അംഗങ്ങളുടെ സുസ്ഥിര, സ്വാശ്രയ, സ്വയംപര്യാപ്തതയാണ് ലക്ഷ്യം വെച്ചിരുന്നത്. സ്വയം പ്രവർത്തന സജ്ജമായ ഒരു സംഘടനാ സംവിധാനത്തിനുമാത്രമേ ഈ മഹത്തായ ലക്ഷ്യത്തിലേയ്ക്ക് സഞ്ചരിയ്ക്കാൻ കഴിയൂ. സംഘടനാ പരമായ ഈ ദൗർബല്യം പരിഹരിയ്ക്കുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ല. **ഇതിലേയ്ക്കുള്ള ഒരു പരീക്ഷണമാണ് സുസ്ഥിരം എന്ന പദ്ധതി. തിരഞ്ഞെടുക്കപ്പെട്ട സി ഡി എസുകളെ സ്വയം പ്രവർത്തന സജ്ജരാക്കുക, സി ഡി എസ് ചെലവുകൾ സ്വയംകണ്ടെത്തുക, സ്വന്തം നിലയിൽ വരുമാന വർദ്ധനവിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുക, അംഗങ്ങളുടെ ഉന്നമനത്തിനാവശ്യമായ പ്രവർത്തനങ്ങൾ സ്വയം സംഘടിപ്പിയ്ക്കുക തുടങ്ങിയവയെല്ലാം ഈ പരിപാടിയുടെ ലക്ഷ്യങ്ങളാണ്.**

**സുസ്ഥിര സി ഡി എസ് - ചില പരീക്ഷണങ്ങൾ**

ബൈസൺവാലി - ഫേമസ് ബേക്കറി

ഗ്രാമപഞ്ചായത്തിന്റെ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടത്തിൽ 2014 ൽ പ്രവർത്തനം ആരംഭിച്ചു. ഏകദേശം ഒരു കോടി രൂപയോളം മുലധന നിക്ഷേപം ഉണ്ട്. മാറി മാറി വരുന്ന സി ഡി എസ് കമ്മിറ്റികളാണ് ബേക്കറിയുടെ പ്രവർത്തനത്തെ മുന്നോട്ടുകൊണ്ടു പോകുന്നത്. ലോൺ തിരിച്ചടവ് കൃത്യമായി നടക്കുന്നു. ഏകദേശം 30 ലക്ഷം രൂപ വാർഷിക വിറ്റുവരവ് സ്ഥാപനത്തിനുണ്ട്. ഇടുക്കി ജില്ലയിലെ ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളുടെ ഹൃദയത്തിൽ ഇടം നേടാൻ ഫേമസ് ബേക്കറി ഉല്പന്നങ്ങൾക്കായിട്ടുണ്ട്. ബേക്കറി ലാഭത്തിലാകുന്നതോടുകൂടി സി ഡി എസ് പ്രവർത്തനങ്ങൾക്കായി ഒരു സ്ഥിരവരുമാനം ഉറപ്പായും ലഭിയ്ക്കും. മറ്റു സി ഡി എസുകൾക്കും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സി ഡി എസിന്റെ ഉടമസ്ഥതയിലുള്ള ഇത്തരം സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

## മലപ്പുറം സി ഡി എസ് 1 – USE (Urban Service Team)

മലപ്പുറം സി ഡി എസ് 1 ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സർവ്വീസ് സംരംഭമാണിത്. 1.50 ലക്ഷം രൂപ മുടക്കി ആരംഭിച്ചു. പാത്രങ്ങൾ, ഗ്ലാസുകൾ എന്നിവ വാടകയ്ക്ക് നൽകുന്നു. ഒരു ലക്ഷം രൂപ വാർഷിക വരുമാനം ലഭ്യമാക്കുന്നു. സി ഡി എസ് പ്രവർത്തനത്തിനായി ഈ തുക ഉപയോഗിക്കുന്നു. കൂടുതൽ പാത്രങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങി സി ഡി എസ് സംരംഭത്തെ വിപുലപ്പെടുത്താനുള്ള ദൃഢനിശ്ചയത്തിലാണ് സി ഡി എസ് കമ്മിറ്റി.

**പ്രധാന പ്രവർത്തനങ്ങൾ**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പിന്തുണ ലഭിക്കുന്നതും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്നതുമായ മൂന്ന് സി ഡി എസുകളെ വീതം ഓരോ ജില്ലയിൽ നിന്നും തിരഞ്ഞെടുക്കുന്നു. സ്വയം പ്രവർത്തന സജ്ജമായ സംഘടനാ സംവിധാനം രൂപീകരിക്കുക, കാര്യക്ഷമവും ഫലപ്രദവുമായ കമ്മ്യൂണിറ്റി നെറ്റ് വർക്ക് രൂപപ്പെടുത്തുക, പദ്ധതി പ്രവർത്തങ്ങളുടെ മൗലികമായ നടത്തിപ്പ്, സി ഡി എസ് പ്രവർത്തനത്തിനാവശ്യമായ ഫണ്ടുകൾ സ്വയം കണ്ടെത്തുക എന്നിവയാണ് ഈ പരിപാടിയിലെ പ്രധാന പ്രവർത്തനങ്ങൾ.

**പ്രവർത്തനതന്ത്രം**

2019 മാർച്ച്, ഏപ്രിൽ മാസങ്ങളിലായി നടക്കുന്ന ത്രിതല സംഘടനാ സംവിധാനത്തിന്റെ ഗ്രേഡേഷനോടനുബന്ധിച്ചാണ് ഈ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ഇതിൽ മികച്ച സ്കോർ നേടിയ സി ഡി എസുകൾ കേന്ദ്രീകരിച്ച് അവബോധ ശില്പശാലകൾ സംഘടിപ്പിക്കും. തദ്ദേശഭരണ സ്ഥാപനവും സി ഡി എസും സംയുക്തമായി ഈ പ്രവർത്തനം ഏറ്റെടുക്കാൻ സമ്മതിക്കുന്ന സി ഡി എസുകളെയാണ് ഈ പ്രവർത്തനത്തിൽ ഉൾപ്പെടുത്തുന്നത്. സുസ്ഥിര 2019 ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തെ തയ്യാറാക്കുക എന്നതാണ് അടുത്ത ഘട്ടം. ഇതിനായി വിവിധങ്ങളായ ചർച്ചകളും സംവാദങ്ങളും പഠനക്ലാസുകളും പ്രദേശികമായി സംഘടിപ്പിക്കും. ഓരോ ഘട്ടത്തിനും വ്യക്തമായ മാനദണ്ഡങ്ങളും നാഴികകല്ലുകളും നിശ്ചയിക്കും. ഈ ഘട്ടങ്ങൾ/നേട്ടങ്ങൾ കൃത്യമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കും. 2019 ജനുവരിയോടുക്കൂടി സുസ്ഥിര സി ഡി എസ് പ്രഖ്യാപനം നടത്തുന്നതിനായി പരിശ്രമിക്കും.

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

ക്വാർട്ടർ തിരിച്ച് ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് പ്രായോഗികമായ ചില ബുദ്ധിമുട്ടുകൾ ഉണ്ട്. കാരണം തിരഞ്ഞെടുക്കപ്പെടുന്ന സി ഡി എസുകളുടെ അവസ്ഥ പരിഗണിച്ചേ പ്രവർത്തന ഘട്ടങ്ങൾ നിശ്ചയിക്കാൻ കഴിയൂ. ആയതിനാൽ ഓരോ ജില്ലയും പ്രാദേശികമായി പ്രവർത്തനാസൂത്രണം ചെയ്യണം. താഴെപ്പറയുന്ന മോണിട്ടറിംഗ് ഘടകങ്ങൾ പരിഗണിച്ച് വേണം പ്രവർത്തനാസൂത്രണം നടത്തുവാൻ.

**മോണിട്ടറിംഗ് ഘടകങ്ങൾ**

1. **സ്വയം പ്രവർത്തന സജ്ജമായ സംഘടനാ സംവിധാനം**
    - സി ഡി എസ് മീറ്റിംഗുകൾ
    - വിലയിരുത്തൽ സമിതി യോഗങ്ങൾ
    - ഉപസമിതി യോഗങ്ങൾ
    - എ ഡി എസ് യോഗങ്ങൾ
    - അയൽക്കൂട്ട യോഗങ്ങൾ
    - യോഗങ്ങളിലെ ഹാജർ
    - തീരുമാനമെടുക്കുന്നതിലുള്ള ജനാധിപത്യ സമീപനം
    - രേഖകൾ സൂക്ഷിയ്ക്കുന്നതിലുള്ള സുതാര്യതയും കൃത്യതയും
    - എം ഐ എസ് ഡേറ്റ ശേഖരണം
2. **തദ്ദേശഭരണ സ്ഥാപനം ഘടക സ്ഥാപനങ്ങൾ, മറ്റ് സർക്കാർ ഏജൻസികളുമായുള്ള സംയോജന പ്രവർത്തനങ്ങൾ**
    - കുടുംബശ്രീ അംഗങ്ങൾക്കായി കുടുംബശ്രീ സംസ്ഥാന, ജില്ലാ മിഷനുകൾ ഒഴികെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഫണ്ട്, പ്രോജക്ടുകൾ, പരിപാടികൾ എന്നിവ നേടിയെടുക്കുന്നതിലുള്ള ശേഷി.
    - തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നേടിയെടുത്ത പദ്ധതികൾ
    - പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ്
3. **സി ഡി എസ് നൽകുന്ന സേവനങ്ങൾ**
    - സി ഡി എസ് ഓഫീസിൽ വരുന്നവരോടുള്ള സമീപനം
    - സി ഡി എസ് നൽകുന്ന സേവനങ്ങൾ - credibility and reliability
    - ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലുള്ള സുതാര്യത
    - അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം
    - സ്വന്തം നിലയിൽ അംഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കിയ പ്രവർത്തനങ്ങൾ
    - ഓഫീസ് മാനേജ്മെന്റ്
4. **ഉപജീവന പ്രവർത്തനങ്ങൾക്ക് നൽകുന്ന പ്രാധാന്യം**
    - സംരംഭങ്ങളുടെ പ്രവർത്തനം - സുസ്ഥിരത, വരുമാനം, ഗുണനിലവാരം
    - സി ഡി എസ് മോണിട്ടറിംഗ്
    - കാർഷിക, മൃഗസംരക്ഷണ പ്രവർത്തനങ്ങൾ
    - വേതന തൊഴിൽ സാധ്യതകൾ

- മൈക്രോഫിനാൻസ് പ്രവർത്തനങ്ങൾ

5. **സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾ**
    - അഗതിരഹിത കേരളം
    - സ്നേഹിത കോളിംഗ് ബെൽ
    - ക്ഷേമ പ്രവർത്തനങ്ങൾ
    - ബാലസഭ
    - കലാ കായിക രംഗം
    - യുവതീ യുവാക്കൾക്കായുള്ള പ്രവർത്തങ്ങൾ
6. **തനതുവരുമാന വർദ്ധനവിനായി നടത്തിയ പ്രവർത്തനങ്ങൾ**
    - സി ഡി എസ് ഓഫീസ് ചെലവുകൾ
    - സി ഡി എസ് ചെയർപേഴ്സൻ ഓണറേറിയം ,അക്കൗണ്ടന്റ് ശമ്പളം, അംഗങ്ങളുടെ യാത്രാബത്ത തുടങ്ങിയ ചെലവുകൾ സ്വന്തം നിലയിൽ കണ്ടെത്തുവാൻ നേടിയ പ്രാപ്തി.

പ്രവർത്തന നേട്ടം

സ്വയം പ്രവർത്തന സജ്ജമായ കുടുംബശ്രീ സംഘടനാ സംവിധാനം സ്ഥാപിക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ പ്രധാന നേട്ടം.

## ലക്ഷ്യം 7

പങ്കാളിത്ത, സംയോജിത പദ്ധതി ആസൂത്രണത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ കുടുംബശ്രീയ്ക്കായി നീക്കിവെക്കുന്ന പദ്ധതി വിഹിതം 500 കോടിയായി ഉയർത്തുക. കുടുംബശ്രീ പദ്ധതി രൂപീകരണ പ്രക്രിയ അയൽക്കൂട്ടം മുതൽ സംസ്ഥാന മിഷൻ വരെ പങ്കാളിത്ത സ്വഭാവത്തിലാക്കുക.

**പദ്ധതിയുടെ പേര്**
**സമന്വയം 2019**

2.88 ലക്ഷം അയൽക്കൂട്ട പ്ലാനുകളെ എ ഡി എസ് പ്ലാനുകളായും എ ഡി എസ് പ്ലാനുകളെ സി ഡി എസ് പ്ലാനുകളായും സി ഡി എസ് പ്ലാനുകളെ ബ്ലോക്ക് പ്ലാനുകളായും ബ്ലോക്ക് പ്ലാനുകളെ ജില്ലാ പ്ലാനുകളായും ജില്ലാ പ്ലാനുകളെ സംസ്ഥാന പ്ലാനിലേക്ക് ഉൾച്ചേർക്കുകയും ചെയ്യുക, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം 500 കോടിയായി ഉയർത്തുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വെയ്ക്കുന്നത്.

**പശ്ചാത്തലം**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് കുടുംബശ്രീ പ്രവർത്തനങ്ങൾ പ്രദേശികമായി മുന്നേറ്റങ്ങൾ സൃഷ്ടിച്ചത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുഖ്യ ചുമതലയാണ് ദാരിദ്ര്യ നിർമ്മാർജ്ജനം. അതൊകൊണ്ടു തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും തമ്മിൽ എല്ലാതലത്തിലും ഏകോപിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. കേവലം വിലയിരുത്തൽ സമിതിയിൽ ഒതുങ്ങേണ്ടതല്ല ഈ ബന്ധം. വിത്തും മണ്ണും പോലെ ഈ ബന്ധം സുദൃഢമാകേണ്ടതുണ്ട്. അഗതിരഹിത കേരളം, ബഡ്സ് സ്ഥാപനങ്ങൾ, ഉപജീവന പ്രവർത്തനങ്ങൾ, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവയിലെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങൾ കുടുംബശ്രീയുമായി സഹകരിച്ച് പദ്ധതി വിഹിതം വകയിരുത്താറുണ്ട്. **2018 - 19 സാമ്പത്തിക വർഷം 172.51 കോടി രൂപയും 2019 - 20 സാമ്പത്തിക വർഷത്തിൽ പ്രാഥമിക കണക്കെടുപ്പിൽ 186.33 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾ കുടുംബശ്രീയുമായുള്ള സംയോജിത പദ്ധതികൾക്കായി നീക്കിവെച്ചിട്ടുണ്ട്.**

G.O.(MS) No. 128/2007/LSGD Dated,14-05-2007 ഈ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കുടുംബശ്രീയുമായി സഹകരിച്ച് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി തദ്ദേശഭരണ സ്ഥാപനതലത്തിൽ തയ്യാറാക്കി നിർവ്വഹണം നടത്തണമായിരുന്നു. സി ഡി എസ് തലത്തിൽ മെമ്പർ സെക്രട്ടറിയും ജില്ലാതലത്തിൽ ജില്ലാ മിഷൻ കോ ഓർഡിനേറ്ററുമായിരുന്നു ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥർ. നടപടിക്രമങ്ങളെ സങ്കീർണ്ണതയും പ്രചോദനക്കുറവും മൂലം 2015 ആയപ്പോഴേക്കും ഈ പ്രവർത്തനം ശുഷ്കിച്ച് പേരിനു മാത്രമാകുകയും 2016 ൽ പദ്ധതി മാർഗ്ഗരേഖയിൽ നിന്ന്

പൂർണ്ണമായി ഒഴിവാക്കപ്പെടുകയും ചെയ്തു. ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി വീണ്ടും മാറ്റങ്ങളോടുകൂടി നടപ്പിലാക്കേണ്ടത് അനിവാര്യമാണ്.

**ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ**

- അയൽക്കൂട്ടതല സൂക്ഷ്മ പ്ലാനുകൾ - സാമൂഹ്യ വികസന പ്ലാൻ, അടിസ്ഥാന വികസന പ്ലാൻ, ഉപജീവന പ്ലാൻ. ജെൻഡർ പ്ലാൻ, സാമൂഹ്യ ഉൾച്ചേർക്കൽ പ്ലാൻ, മൈക്രോ ക്രെഡിറ്റ് പ്ലാൻ, വിഭവ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കൽ
- എ ഡി എസ് സി ഡി എസ്, ബ്ലോക്ക്, ജില്ലാ, സംസ്ഥാന പ്ലാനുകൾ തയ്യാറാക്കൽ
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാനുമായുള്ള സംയോജനം
- സംയോജനത്തിലൂടെ 500 കോടി രൂപയുടെ പദ്ധതി വിഹിതം നേടിയെടുക്കുക

**പ്രവർത്തന തന്ത്രം**

- കിലയുമായി സഹകരിച്ച് കൃത്യവും ലളിതവുമായ നടപടിക്രമങ്ങൾ രൂപീകരിയ്ക്കുക.
- സർക്കാർതലത്തിൽ ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിയ്ക്കുക.
- ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സി ഡി എസ് ഭാരവാഹികൾ എന്നിവർക്ക് ശേഷി വികസന പരിശീലനം
- ഇ നെസ്റ്റ് പദ്ധതിയിലൂടെ ലഭിയ്ക്കുന്ന ഡേറ്റകൾ പ്ലാൻ തയ്യാറാക്കൽ കൂടുതൽ വേഗത്തിലാക്കുന്നതിനു സഹായകമാകും.
- വനിതാ ഘടക പദ്ധതി പ്രവർത്തനാവലോകനം

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ 1**

**2019 മെയ് – ജൂലൈ**

- **പിന്തുണാ സംവിധാം രൂപീകരിയ്ക്കലും ആസൂത്രണവും (State mission)**
- കിലയുമായുള്ള സംയോജനം
- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ
- 14 ജില്ലാപഞ്ചായത്ത്, 152 ബ്ലോക്ക് , 93 നഗരസഭാ, 941 ഗ്രാമ പഞ്ചായത്ത് ഭാരവാഹികൾക്കുള്ള പരിശീലനം
- 1065 സി ഡി എസ് ഭാരവാഹികൾ എന്നിവർക്കുള്ള ശേഷി വികസന ശില്പശാലകൾ
- മെമ്പർ സെക്രട്ടറിമാർ, പ്ലാൻ ക്ലാർക്ക്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനം.
- 2.88ലക്ഷം അയൽക്കൂട്ട ഭാരവാഹികൾക്കുള്ള പരിശീലനം (District Mission)
- വിവിധ തദ്ദേശഭരണ മേലധികാരികളുമായുള്ള കൺസൾട്ടേഷൻ സെഷനുകൾ

- വനിതാ ഘടക പദ്ധതി പ്രവർത്തനാവലോകനം

**ക്വാർട്ടർ 2**
**2019 ഓഗസ്റ്റ് - ഒക്ടോബർ**
**സൂക്ഷ്മതല ആസൂത്രണം**

- 2.88 ലക്ഷം അയൽക്കൂട്ടങ്ങളിലും സൂക്ഷ്മതല ആസൂത്രണം നടക്കുന്നുവെന്ന് ഉറപ്പാക്കണം
- 19489 എ ഡി എസിലും എ ഡി എസ് പ്ലാൻ രൂപീകരണം
- 1065 സി ഡി എസിലും സി ഡി എസ് ഡിമാന്റ് പ്ലാൻ രൂപീകരണം
- 152 ബ്ലോക്കിലും ബ്ലോക്ക് പ്ലാൻ തയ്യാറാക്കൽ
  14 ജില്ലകളിലും ജില്ലാ പ്ലാൻ രൂപീകരണം

**സംയോജനം**

- മുകളിൽ പറഞ്ഞിരിയ്ക്കുന്ന പ്രകാരം രൂപപ്പെടുന്ന പ്ലാനുകൾ അതാത് തദ്ദേശഭരണ സ്ഥാപന ജനപ്രതിനിധികളുമായി ചർച്ച നടത്തുകയും പ്ലാൻ നിർദ്ദേശങ്ങൾ പദ്ധതികളാക്കി പരിവർത്തനം ചെയ്യാൻ നടപടി സ്വീകരിയ്ക്കണം.

**മേഖലകളും ചുമതലകളും**

- **പട്ടികജാതി ഉപപദ്ധതി** – SD Team
- **പട്ടിക വർഗ്ഗ ഉപപദ്ധതി** - ST and Organization
- **വനിതാഘടക പദ്ധതി** - Gender, Organization
- **കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ പ്രത്യേക പദ്ധതി** - SD, Organization Team
- **വയോജനങ്ങളുടെ ക്ഷേമവും പാലിയേറ്റീവ് കെയറും** - Organization
- **കാർഷിക വികസനം** - Agri. Team
- **മൃഗ സംരക്ഷണം, ക്ഷീര വികസനം** - Animal Husbandry Team
- **മത്സ്യബന്ധനം** - Agri. Team
- **ചെറുകിട വ്യവസായങ്ങൾ** - ME Team
- **സൂക്ഷ്മ സംരംഭങ്ങൾ** - ME Team
- **തൊഴിൽ പരിശീലനങ്ങൾ** - ME Team
- **സാമൂഹ്യ നീതി - ബഡ്സ് സ്കൂൾ** - SD Team
- **കായിക വിനോദങ്ങൾ** - SD Team
- **കലയും സംസ്കാരവും** - SD and Gender Team

**ക്വാർട്ടർ 3**
**നവംബർ - ജനുവരി**
**വിലയിരുത്തലും തുടർ പ്രവർത്തനങ്ങളും**

- പദ്ധതി നിർദ്ദേശങ്ങളിൽ എത്രയെണ്ണം അംഗീകരിക്കപ്പെട്ടു.
- അംഗീകരിച്ചവയുടെ പ്രവർത്തന പുരോഗതി
- പദ്ധതി നടത്തിപ്പിന്റെ ഫലമായുണ്ടായ മാറ്റങ്ങൾ എന്നിവ ഈ ഘട്ടത്തിൽ വിലയിരുത്തും.
- ഡോക്യുമെന്റേഷനും ഈ ഘട്ടത്തിൽ നടത്തണം.

**പ്രവർത്തന നേട്ടം**
പങ്കാളിത്ത, സംയോജിത പദ്ധതി ആസൂത്രണത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ കുടുംബശ്രീയ്ക്കായി നീക്കിവെക്കുന്ന പദ്ധതി വിഹിതം 500 കോടിയായി ഉയർത്തുക. കുടുംബശ്രീ പദ്ധതി രൂപീകരണ പ്രക്രിയ അയൽക്കൂട്ടം മുതൽ സംസ്ഥാന മിഷൻ വരെ പങ്കാളിത്ത സ്വഭാവത്തിലാക്കുക.

## ലക്ഷ്യം 8

### സംഘടനാ ശാക്തീകരണം

**പദ്ധതിയുടെ പേര്**

**ദിശ 2019**

കുടുംബശ്രീ ത്രിതല സംഘടന സംവിധാനത്തിന്റെ പ്രവർത്തനങ്ങളെ ക്രമപ്പെടുത്തുക, ലക്ഷ്യബോധമുള്ളതാക്കുക, എ ഡി എസ് സംവിധാനത്തെ ശക്തിപ്പെടുത്തുക, അഫിലിയേഷൻ, ഓഡിറ്റിംഗ് എന്നിവ ക്രമപ്പെടുത്തുക എന്നിവയാണ് ഈ പ്രവർത്തനന്ത്തിന്റെ ലക്ഷ്യം.

**പശ്ചാത്തലം**

ഒരു സമൂഹാധിഷ്ഠിതസംഘടാനാ സംവിധാനത്തെ (പ്രത്യേകിച്ച് അതി വിപുലമായ) ചലനാത്മകവും ലക്ഷ്യബോധവുമുള്ളതാക്കണമെങ്കിൽ നിരന്തരമായ ഇടപെടീൽ ആവശ്യമാണ്. കുടുംബശ്രീ പ്രവർത്തനം പലപ്പോഴും സി ഡി എസ് ചെയർപേഴ്സനിലേയ്ക്ക് ചുരുങ്ങുക പതിവാണ്. സബ്കമ്മിറ്റികൾ കൃത്യമായി കൂടുന്നതിനും സ്വയം പ്രവർത്തന സജ്ജമായി കാര്യങ്ങൾ ഏറ്റെടുക്കുന്നതിലും ഗുരുതരമായ വീഴ്ച സംഭവിയ്ക്കുന്നു. വിലയിരുത്തൽ സമിതികൾ അതിന്റെ ധർമ്മം ശരിയായി നിർവ്വഹിക്കാത്തതുമൂലം തദ്ദേശഭരണ സ്ഥാപനങ്ങളും സി ഡി എസുമായുള്ള ബന്ധം ചില സ്ഥലങ്ങളിലെങ്കിലും വിള്ളൽ വീഴുന്നതിനു കാരണമായിട്ടുണ്ട്.

കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ മധ്യതലമാണ് എ ഡി എസുകൾ. ഈ കണ്ണി പൊതുവേ ദുർബലമാണ്. അയൽക്കൂട്ട പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിലും കുടുംബശ്രീ പ്രവർത്തനങ്ങൾ താഴേത്തട്ടിൽ എത്തിയ്ക്കുന്നതിലും എ ഡി എസുകൾക്കുള്ള പങ്ക് നിർണ്ണായകമാണ്. എ ഡി എസുകളെ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. എ ഡി എസ് പ്രവർത്തനങ്ങൾക്ക് തനത് ഫണ്ടില്ലാത്തതും പ്രവർത്തനങ്ങൾ എ ഡി എസിന്റെ ഉടമസ്ഥതയിലേക്ക് കൊണ്ടുവരാത്തതുമാണ് എ ഡി എസിനെ ദുർബലപ്പെടുത്തുന്നതിനുള്ള പ്രധാന കാരണങ്ങൾ. ദീർഘകാലമായിരുന്ന ഉപസമിതി അംഗങ്ങൾക്കോ, എ ഡി എസ് ഭാരവാഹികൾക്കോ പരിശീലനം നൽകിയിട്ട്. 2018 -19 സാമ്പത്തിക വർഷം ഈ പോരായ്മ പരിഹരിയ്ക്കാൻ കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്.

കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ചിട്ടപ്പെടുത്തലിനും സാമ്പത്തിക ക്രയവിക്രയങ്ങൾ സുതാര്യമാക്കുന്നതിനുമായി 2008 മുതൽ കുടുംബശ്രീ അംഗങ്ങളെയോ കുടുംബാംഗങ്ങളെയോ ചേർത്ത് കാസ് ഓഡിറ്റിംഗ് ടീം നിലവിൽ വന്നിരുന്നു. ഇവരുടെ പ്രവർത്തനം ഒരു പരിധിവരെ സംഘടാനാ സംവിധാനത്തെ ചിട്ടപ്പെടുത്തുന്നതിൽ സഹായിച്ചിട്ടുണ്ട്. എന്നാൽ അടുത്ത നാളുകളായി ചെറിയ ശതമാനമാനമാണെങ്കിൽ കൂടിയും അയൽക്കൂട്ടങ്ങൾ ഓഡിറ്റിന് വരാതിരിയ്ക്കുന്ന പ്രവണത കണ്ടു വരുന്നുണ്ട്. ഇത് ഒഴിവാക്കേണ്ടതാണ്.സി ഡി എസ് ഓഡിറ്റ് പുരോഗമനപ്രവും പ്രകടനത്തെ

വിലയിരുത്തുന്നതുമായി മാറണം. സി ഡി എസ് ഓഡിറ്റ് പരാമർശങ്ങൾ ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കണം.

അയൽക്കൂട്ടം - എ ഡി എസ് - സി ഡി എസ് ബന്ധം പരസ്പര സഹകരണത്തിൽ അധിഷ്ഠിതമാണ്. ഈ ഓരോ ഘടകവും ബൈലോയ്ക്ക് വിധേയമായി അവരവരുടെ പ്രവർത്തന പരിധിയിൽ സ്വതന്ത്രരാണ്. അതുകൊണ്ടു തന്നെ ഓരോ ഘടകവും മുകൾത്തട്ട് കീഴ്ത്തട്ട് ബന്ധം നിലനിർത്തുന്നതിനോടൊപ്പം സ്വയം പ്രവർത്തനസജ്ജമാകണം. ഈ സഹചര്യത്തിലാണ് ദിശ 2019 പ്രാധാന്യമർഹിയ്ക്കുന്നത്.

**പ്രധാന പ്രവർത്തനങ്ങൾ**

- ത്രിതല സംഘടനാ സംവിധാനത്തിന്റെ ഓഡിറ്റിംഗ് സ്ഥിതി വിവരങ്ങൾ ക്രമമായ പരിശോധനയ്ക്ക് വിധേയമാക്കുക.
- ഓഡിറ്റ് പെർഫോമൻസ് ബേസ്ഡ് ആക്കുക
- ഓഡിറ്റ് പ്ലാനിംഗ് നിർബന്ധമാക്കുക
- ഫീൽഡ് തല പ്രവർത്തനങ്ങൾ എ ഡി എസ് കേന്ദ്രീകൃതമാകുക
- എ ഡി എസുകളെ റിസോഴ്സ് ഓർഗനൈസേഷനുകളാക്കുക
- മെന്റർ സി ഡി എസ്, എ ഡി എസ്, അയൽക്കൂട്ടങ്ങളെ കണ്ടെത്തുക.
- സി ഡി എസ് ചെയർപേഴ്സൻ ഓണറേറിയം പെർഫോമൻസ് ബേസ്ഡ് ആക്കുക
- ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ഇടപെടുവാൻ സി ഡി എസ് ഭാരവാഹികളെ പ്രാപ്തരാക്കുക
- മെമ്പർ സെക്രട്ടറിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

**പ്രവർത്തന തന്ത്രം**

- ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക എന്നതാണ് ഒന്നാമത്തെ പ്രവർത്തന തന്ത്രം. ഇതിനായി സാമ്പത്തിക വർഷാരംഭത്തിൽ തന്നെ എല്ലാ ജില്ലയിലും ഓഡിറ്റ് പ്ലാനിംഗ് നിർബന്ധമാക്കും. ഓഡിറ്റ് മാന്വൽ വീണ്ടും പരിശോധനയ്ക്ക് വിധേയമാക്കും.
- ഉപസമിതി യോഗങ്ങൾ കൂടുന്നുവെന്ന് ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട ബ്ലോക്ക് കോ ഓർഡിനേറ്റർമാർ ഉപസമിതി യോഗങ്ങളിൽ പങ്കെടുക്കുന്നുവെന്ന് ഉറപ്പാക്കും.
- വിലയിരുത്തൽ സമിതികൾ കൂടാത്ത സ്ഥലങ്ങളിൽ ഡി പി എം/ എ ഡി എംസി പങ്കെടുത്ത് വിലയിരുത്തൽ സമിതി യോഗങ്ങൾ ചേരുന്നതിനു നടപടി സ്വീകരിയ്ക്കും.
- എ ഡി എസുകൾക്ക് തനതു പ്രവർത്തന ഫണ്ട് ലഭ്യമാക്കുന്നതിനായി ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിയ്ക്കും.
- എ ഡി എസ് കേന്ദ്രീകരിച്ച് മാർക്കറ്റിംഗ് നെറ്റ് വർക്ക് രൂപീകരിയ്ക്കും. ഓരോ എ ഡി എസും ഒരാഴ്ച 5000 രൂപയുടെ കുടുംബശ്രീ ഉല്പന്നങ്ങൾ വിൽക്കണം. ഇതിലൂടെ 10

ശതമാനം മാർജിൻ ലഭിയ്ക്കുകയാണെങ്കിൽ കൂടി ഇവർക്ക് മാസം 2000 രൂപ പ്രവർത്തനത്തിനായി കണ്ടെത്താൻ കഴിയും. കഴിയും.(മാർക്കറ്റിംഗ് ടീമുമായി സഹകരിച്ച് ഇതിനായി പദ്ധതികൾ തയ്യാറാക്കണം) (Optional)

- അയൽക്കൂട്ട രൂപീകരണം, പരിശീലനം എന്നിവ എ ഡി എസുകളുടെ നേതൃത്വത്തിലാക്കും. ഇതിനായി എ ഡി എസുകളെ റിസോഴ്സ് ഓർഗനൈസേഷനുകളാക്കുന്നതിനാവശ്യമായ പരിശീലനവും പ്രവർത്തന ഫണ്ടും അനുവദിയ്ക്കും. ഒരു അയൽക്കൂട്ടം രൂപീകരിയ്ക്കുന്നതിനും പരിശീലനം നൽകുന്നതിനും ടി ബി എം ഐ സിൽ പ്രൊഫൈൽ ക്രിയേഷൻ നടത്തുന്നതിനുമായി 1000 രൂപ എ ഡി എസുകൾക്ക് നൽകും. ഇതിൽ 500 രൂപ പരിശീലനത്തിന് പോകുന്ന അംഗത്തിനും 500 രൂപ എ ഡി എസ് തനതു ഫണ്ടിലേക്കും വകയിരുത്താവുന്നതാണ്.
- ഓഡിറ്റിംഗ് നടത്താത്ത അയൽക്കൂട്ടങ്ങൾക്ക് അഫിലിയേഷൻ പുതുക്കാൻ പാടില്ല എന്ന വ്യവസ്ഥ ബൈലോയിൽ ഉൾപ്പെടുത്തും.
- മെന്റർ അയൽക്കൂട്ടം, എ ഡി എസ്, സി ഡി എസ് ഇവയുടെ രൂപീകരണം - 2019 മാർച്ച്, ഏപ്രിൽ മാസങ്ങളിലായി നടക്കുന്ന ഗ്രഡേഷന്റെ ഭാഗമായി 80 ശതമാനത്തിലധികം സ്കോർ ലഭിയ്ക്കുന്നവയെ പരിശോധനയ്ക്ക് വിധേയമാക്കുകയും അതിൽ 80 ശതമാനം സ്കോർ വീണ്ടും ലഭിയ്ക്കുന്ന അയൽക്കൂട്ടങ്ങളെ, എ ഡി എസുകളെ, സി ഡി എസുകളെ മെന്റർ സ്ഥാപനങ്ങളാക്കി മാറ്റുകയും ചെയ്യും. സുസ്ഥിര 2019 പരിപാടിയുമായി ചേർന്നായിരിയ്ക്കും ഈ പ്രവർത്തനം സംഘടിപ്പിയ്ക്കുക.
- മെമ്പർ സെക്രട്ടറിമാരുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി പരിശീലനം സംഘടിപ്പിയ്ക്കും, അതോടൊപ്പം ഇവരുടെ പ്രവർത്തനം ക്രമപ്പെടുത്തുന്നതിനാവശ്യമായ സർക്കാർ ഉത്തരവുകൾ ലഭ്യമാക്കും.

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ 1**

**2019 മെയ് – ജൂലൈ**

- **ഓഡിറ്റ് ആസൂത്രണം**
- കാസ് അംഗങ്ങളുടെ പരിശീലനം
- ഓഡിറ്റ് പ്ലാനിംഗ്
- 2018 -19 ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള നടപടികൾ
- ഓഡിറ്റ് റിവ്യൂ കമ്മിറ്റി യോഗങ്ങൾ
- **സംഘടന - ക്രമപ്പെടുത്തൽ**
- താഴെപ്പറയുന്ന കമ്മിറ്റികളുടെ യോഗങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കും.

- ഉപസമിതികൾ
- വിലയിരുത്തൽ സമിതി
- എ ഡി എസ് യോഗങ്ങൾ

- ഗ്രഡേഷൻ - തുടർ പ്രവർത്തനങ്ങൾ
- മെന്റർ അയൽക്കൂട്ടം, എ ഡി എസ്, സി ഡി എസ് തിരഞ്ഞെടുപ്പ്
- ഉപസമിതികളുടെ ക്ലസ്റ്റർ ലവൽ റിവ്യു യോഗങ്ങൾ

**ക്വാർട്ടർ 2**

**2019 ഓഗസ്റ്റ് - ഒക്ടോബർ**

**എ ഡി എസ് - റിസോഴ്സ് ഓർഗനൈസേഷൻ**

- നഗര സി ഡി എസുകളിൽ ഈ മാതൃക നിലവിലുണ്ട്. ഇതേ മാതൃകയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഗ്രാമ സി ഡി എസുകളിലും ഈ പ്രവർത്തനം സംഘടിപ്പിക്കണം.
- ഇതിനാവശ്യമായ കൈപുസ്തകം കിലയുടെ സഹായത്തോടെ തയ്യാറാക്കും.
- എ ഡി എസുകളുടെ റിസോഴ്സ് ഓർഗനൈസേഷൻ എന്ന നിലയിലുള്ള പ്രവർത്തനം എല്ലാ മാസവും വിലയിരുത്തലിനു വിധേയമാക്കും.

**ക്വാർട്ടർ 3**

**നവംബർ - ജനുവരി**

- മെമ്പർ സെക്രട്ടറിമാരുടെ പ്രവർത്തവാവലോകനവും ഗ്രേഡിംഗും- മികച്ച പ്രവർത്തനം കഴ്ചവെയ്ക്കുന്നവർക്ക് അവാർഡ് നൽകൽ
- മികച്ച സി ഡി എസുകളെ തിരഞ്ഞെടുക്കൽ
- സി ഡി എസ് ചെയർപേഴ്സന്മാരുടെ പ്രവർത്തനാവലോകനവും – Performance based honorarium
- ദേശീയ,അ അന്തർദേശീയ റേറ്റിംഗ് നിലവാരത്തിലേയ്ക്ക് ഓഫീസുകളെ ഉയർത്തുന്നതിനായി ജില്ലാ ഇനിഷ്യേറ്റീവ് എന്ന നിലയിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.
- വിലയിരുത്തലും ഡോക്യുമെന്റേഷനും

**പ്രവർത്തന നേട്ടം**

സാമ്പത്തിക സുതാര്യത, ഉയർന്ന ജനാധിപത്യ ബോധം, രേഖകളുടെ ക്രമപ്പെടുത്തൽ, കാര്യക്ഷമമായ സേവനങ്ങളുടെ വിതരണം എന്നിവ ഉറപ്പാക്കി കുടുംബശ്രീ സംഘടനാ സംവിധാനത്തെയും ഓഫീസുകളെയും മികച്ചതാക്കി മാറ്റുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ നേട്ടം.

## ലക്ഷ്യം 9

കുടുംബശ്രീ അംഗങ്ങളുടെ അനൗപചാരിക വിദ്യാഭ്യാസം

**പദ്ധതിയുടെ പേര്**
**കുടുംബശ്രീ സ്കൂൾ**

കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ സാധാരണക്കാരായ അംഗങ്ങളെ വിവിധ മേഖലകളിൽ അവഗാഹമുള്ളവരാക്കി മാറ്റുന്നതിനും സാമൂഹ്യ ഇടപെടീൽ ശേഷി വർദ്ധിപ്പിക്കുന്നതിനുമായി നടപ്പിലാക്കുന്നു.

**പശ്ചാത്തലം**

2017 - 18 സാമ്പത്തിക വർഷമാണ് കുടുംബശ്രീ സ്കൂൾ ആദ്യമായി നടപ്പിലാക്കിയത്. കുടുംബശ്രീ രൂപീകൃതമായിട്ട് 18 വർഷം പൂർത്തിയാകുന്ന വേളയിലാണ് ഈ അനൗപചാരികമായ വിദ്യാഭ്യാസ പരിപാടി തുടങ്ങിയത്. ഈ 18 വർഷവും അയൽക്കൂട്ട അംഗങ്ങൾക്ക് സംഘടനാ രീതികൾ, പദ്ധതികൾ, കണക്കെഴുത്ത് എന്നിവ സംബന്ധിച്ച് പരിശീലനം നൽകിയിരുന്നില്ല. ഇത് താഴേത്തട്ടിൽ ഒട്ടേറെ പ്രയാസങ്ങൾ സൃഷ്ടിച്ചിരുന്നു.
ഇതിന് പരിഹാരം എന്ന നിലയിലാണ് കുടുംബശ്രീ സ്കൂൾ ആദ്യമായി നടപ്പിലാക്കിയത്. ഒന്നാം കുടുംബശ്രീ സ്കൂളിന്റെ വിജയത്തെത്തുടർന്ന് രണ്ടാം കുടുംബശ്രീ സ്കൂളും 2018 -19 സാമ്പത്തിക വർഷം സംഘടിപ്പിച്ചു. സംഘടനാ രീതികൾ, കണക്കെഴുത്ത്, പദ്ധതികൾ, ജെൻഡർ പ്രവർത്തനങ്ങൾ, വിമുക്തി-ലഹരി വിരുദ്ധ ക്യാമ്പയിൻ, അഴിമതിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ അയൽക്കൂട്ടങ്ങളുടെ പങ്ക് എന്നിങ്ങനെ ആറു വിഷയങ്ങളാണ് ഒന്നാൽ കുടുംബശ്രീ സ്കൂളിൽ ഉൾപ്പെടുത്തിയിരുന്നത്. തുടർന്ന് നടന്ന രണ്ടാം കുടുംബശ്രീ സ്കൂളിൽ കുടുംബശ്രീ അയൽക്കൂട്ടം, പദ്ധതികൾ (റിവിഷൻ), കണ്ണക്കെഴുത്ത് (റിവിഷൻ), ധനമാനേജ്മെന്റ്, ഉപജീവന വികസനം, ദുരന്തനിവാരണം എന്നീ വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. വിജയകരമായി ആറുക്ലാസുകളും പൂർത്തീകരിച്ച അയൽക്കൂട്ടങ്ങൾക്ക് സർട്ടിഫിക്കറ്റും വിതരണം ചെയ്തിരുന്നു. കുടുംബശ്രീ പോലെ അതിവിപുലമായ ഒരു സംഘടനയ്ക്ക് അതിലെ എല്ലാ അംഗങ്ങളെയും അഭിമുഖീകരിയ്ക്കാൻ കഴിയുന്ന ഒരു ബൃഹത് വിദ്യാഭ്യാസ പരിപാടിയായി കുടുംബശ്രീ സ്കൂളിനെ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. മൂന്നാം കുടുംബശ്രീ സ്കൂൾ കുറേക്കൂടി ക്രമപ്പെടുത്തി ചെയ്യുന്നതിനാണ് അലോചിച്ചിട്ടുള്ളത്. രണ്ടാം കുടുംബശ്രീ സ്കൂളുമായി ബന്ധപ്പെട്ട് ജില്ലകളിൽ പരീക്ഷകൾ, ക്വിസ് മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു. അയൽക്കൂട്ട അംഗങ്ങൾ വളരെ ആവേശത്തോടുക്കൂടിയാണ് ഈ മത്സ്രങ്ങളിൽ പങ്കെടുത്തത്. 2019 - 20 സാമ്പത്തിക വർഷം സംസ്ഥാനാടിസ്ഥാനത്തിൽ പരീക്ഷയും എഴുതാനറിയാത്തവർക്കായി ക്വിസ് മത്സരങ്ങളും നടത്തുന്നതായിരിക്കും.

ഒന്നാം കുടുംബശ്രീ സ്കൂൾ പങ്കാളിത്തം

| ക്രമനമ്പർ | ജില്ല | ആകെ അയൽക്കൂട്ടത്തിന്റെ എണ്ണം | പങ്കെടുത്ത് അയൽക്കൂട്ടങ്ങളുടെ എണ്ണം | | | | | |
|---|---|---|---|---|---|---|---|---|
| | | | ക്ലാസ്– 1 | ക്ലാസ്– 2 | ക്ലാസ്– 3 | ക്ലാസ്– 4 | ക്ലാസ്– 5 | ക്ലാസ്– 6 |
| 1 | തിരുവനന്തപുരം | 28702 | 22204 | 26019 | 27156 | 27448 | 27865 | 28054 |
| 2 | കൊല്ലം | 20689 | 20167 | 20172 | 20439 | 20179 | 20179 | 20179 |
| 3 | പത്തനംതിട്ട | 9837 | 9302 | 9312 | 9314 | 9320 | 9235 | 9311 |
| 4 | ആലപ്പുഴ | 19784 | 19445 | 19494 | 19462 | 19480 | 19520 | 19269 |
| 5 | കോട്ടയം | 14721 | 14678 | 11190 | 12131 | 12626 | 12937 | 13716 |
| 6 | ഇടുക്കി | 11880 | 11321 | 11181 | 11131 | 11119 | 11083 | 11116 |
| 7 | എറണാകുളം | 21959 | 21848 | 21955 | 21850 | 21851 | 21848 | 21722 |
| 8 | തൃശൂർ | 23548 | 18759 | 21214 | 20743 | 20741 | 20784 | 20707 |
| 9 | പാലക്കാട് | 22597 | 22496 | 22369 | 22325 | 22343 | 22365 | 22511 |
| 10 | മലപ്പുറം | 26705 | 26359 | 26360 | 26297 | 26346 | 26380 | 26388 |
| 11 | കോഴിക്കോട് | 27631 | 27604 | 27604 | 27594 | 27604 | 27604 | 27586 |
| 12 | വയനാട് | 9356 | 9246 | 9006 | 9356 | 9356 | 9354 | 9356 |
| 13 | കണ്ണൂർ | 20018 | 19600 | 19393 | 19491 | 19531 | 19509 | 19093 |
| 14 | കാസർഗോഡ് | 10747 | 10254 | 10308 | 10354 | 10226 | 10285 | 10318 |
| | Total | 268174 | 253283 | 255577 | 257643 | 258170 | 258948 | 259326 |
| % participation | | | 94.4 | 95.3 | 96.1 | 96.3 | 96.6 | 96.7 |

**രണ്ടാം കുടുംബശ്രീ സ്കൂൾ പങ്കാളിത്തം**

| SL.NO | District | Total NHG | ക്ലാസ്– 1 | ക്ലാസ്– 2 | ക്ലാസ്– 3 | ക്ലാസ്– 4 | ക്ലാസ്– 5 | ക്ലാസ്– 6 |
|---|---|---|---|---|---|---|---|---|
| 1 | TRIVANDRUM | 29136 | 26648 | 26449 | 26355 | 26019 | 25512 | 25213 |
| 2 | KOLLAM | 23248 | 20263 | 21044 | 22232 | 22268 | 22241 | 22253 |
| 3 | PATHANAMTHITTA | 10235 | 9545 | 9515 | 9496 | 9461 | 9299 | 8933 |
| 4 | ALAPPUZHA | 21113 | 21058 | 21145 | 21150 | 20794 | 20551 | 20771 |
| 5 | KOTTAYAM | 15163 | 14768 | 14200 | 13840 | 11632 | 11528 | 11972 |
| 6 | IDUKKI | 12049 | 11561 | 11360 | 11349 | 11163 | 11132 | 9963 |
| 7 | ERNAKULAM | 24980 | 22482 | 22107 | 22799 | 22708 | 22639 | 23014 |
| 8 | THRISSUR | 24320 | 23896 | 23457 | 23456 | 23825 | 23830 | 23800 |
| 9 | PALAKKAD | 23268 | 22360 | 22564 | 22402 | 22400 | 22546 | 22684 |
| 10 | MALAPPRAM | 27816 | 27804 | 27798 | 27792 | 27767 | 27785 | 27686 |
| 11 | KOZHIKODE | 27654 | 26827 | 26771 | 26678 | 25731 | 25122 | 23859 |
| 12 | WAYNAD | 9567 | 7135 | 7438 | 7481 | 8255 | 8898 | 9129 |
| 13 | KANNUR | 19955 | 19425 | 19384 | 19291 | 19148 | 19087 | 18357 |
| 14 | KASARAGOD | 10926 | 10612 | 10525 | 10452 | 10491 | 10373 | 10483 |
| | **TOTAL** | **279368** | **264384** | **263757** | **264773** | **261662** | **260543** | **258117** |

**പ്രധാന പ്രവർത്തനങ്ങൾ**

- സംസ്ഥാന/ജില്ലാതല ആസൂത്രണം
- പാഠപുസ്തകം തയ്യാറാക്കൽ
- പരിശീലക പരിശീലനം
- അയൽക്കൂട്ട ഫസിലിറ്റേറ്റർ പരിശീലനം
- സി ഡി എസ് തല പരീക്ഷ
- ബ്ലോക്ക്തല പരീക്ഷ
- ജില്ലാതല പരീക്ഷ
- സംസ്ഥാനതല പരീക്ഷ
- വിജയികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും സമ്മാന ദാനവും
- വിലയിരുത്തൽ ഡോക്യുമെന്റേഷൻ

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ 1**

**2019 മെയ് – ജൂലൈ**

- പിന്തുണാ പ്രവർത്തനങ്ങൾ
- മുൻ അനുഭവങ്ങളുടെ അവലോകനവും പുതിയ രീതിശാസ്ത്രം വികസിപ്പിക്കലും
- സംസ്ഥാന/ജില്ലാതല കൺസൾട്ടേഷനുകൾ
- പാഠപുസ്തകം തയ്യാറാക്കൽ

**ക്വാർട്ടർ 2**

**2019 ഓഗസ്റ്റ് - ഒക്ടോബർ**

- പരിശീലക പരിശീലനം - 300 പേർക്ക്
- സി ഡി എസ് തലത്തിൽ അയൽക്കൂട്ട ഫെസിലിറ്റേറ്റർക്കുള്ള പരിശീലനം

**ക്വാർട്ടർ 3**

**നവംബർ - ജനുവരി**

- ആറ് ക്ലാസുകൾ മൂന്ന് മാസം കൊണ്ട് എല്ലാ അയൽക്കൂട്ടങ്ങളിലും ചർച്ച ചെയ്യുന്ന വിധത്തിൽ ആയിരിക്കും ഇത്തവണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക - ഈ പ്രവർത്തനങ്ങൾ ഒക്ടോബർ - ഡിസംബർ മാസങ്ങളിലായി പൂർത്തീകരിക്കും. ജനുവരി, ഫെബ്രുവരി മാസങ്ങളിലായി എല്ലാ പരീക്ഷകളും പൂർത്തീകരിക്കും.
- വിലയിരുത്തലും ഡോക്യുമെന്റേഷനും
- മുകളിൽ പറഞ്ഞിരിക്കുന്ന ഓരോ പ്രവർത്തനവും നിശ്ചയിക്കപ്പെട്ട പ്രവർത്തന കലണ്ടർ പ്രകാരം പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കും.
- അയൽക്കൂട്ടതലം മുതലുള്ള പ്രവർത്തങ്ങൾ ഐ ടി സങ്കേതിക വിദ്യയുടെ സഹായത്തോടെ വിലയിരുത്തും.

**പ്രവർത്തന നേട്ടം**

- പങ്കാളിത്തരീതിയിലുള്ള പഠന പ്രക്രിയയിലൂടെ അയൽക്കൂട്ടാംഗങ്ങളെ വിവിധ വിഷയങ്ങളിൽ അറിവുള്ളവരാക്കി മാറ്റുക.
- സാമൂഹ്യ പ്രതികരണ ശേഷി വർദ്ധിപ്പിക്കുക.
- കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തെ ചലനാത്മകമാക്കുക.

## ലക്ഷ്യം 10

കുടുംബശ്രീ പ്രവർത്തനങ്ങളുടെ വാർഷിക വിലയിരുത്തലും കുടുംബശ്രീ അംഗങ്ങളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിയ്ക്കുന്നതിനായി കലോത്സവം

**പദ്ധതിയുടെ പേര്**
**അരങ്ങ് 2019**

കുടുംബശ്രീ പ്രവർത്തനങ്ങളുടെ വിലയിരുത്തലും പുതിയ സാമ്പത്തിക വർഷത്തിലെ പ്രധാന പ്രവർത്തനങ്ങളുടെ അവതരണവുമാണ് വാർഷികത്തിന്റെ ലക്ഷ്യം.
ദരിദ്രരായ കുടുംബശ്രീ അംഗങ്ങളുടെ കലാപരമായ ശേഷികളെ പരിപോഷിപ്പിയ്യക്ക്ക എന്നതാണ് അരങ്ങ് - കലോത്സവത്തിന്റെ ലക്ഷ്യം.

**പശ്ചാത്തലം**

കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ നിർണ്ണായക പങ്ക് വഹിയ്ക്കുന്നവരാണ് സി ഡി എസ് ചെയർപേഴ്സൻമാർ. ഇവർ പങ്കെടുത്തുകൊണ്ടാണ് വാർഷിക സമ്മേളനങ്ങൾ നടത്തുന്നത്. ഓരോ സാമ്പത്തിക വർഷവും അതാത് വർഷത്തെ പ്രവർത്തനങ്ങൾ പങ്കാളിത്ത രീതിയിൽ വിലയിരുത്തുന്നതിനും പുതിയ പ്രവർത്തങ്ങൾ രൂപീകരിയ്ക്കുന്നതിലും വാർഷിക സമ്മേളനങ്ങൾക്ക് നിർണ്ണായക പങ്ക് ഉണ്ട്. മുൻ കാലങ്ങളിൽ വാർഷികത്തോടനുബന്ധിച്ചാണ് കലോത്സവം നടത്തിയിരുന്നത്. എന്നാൽ 2017 -18 സാമ്പത്തിക വർഷം വാർഷികവും കലോത്സവവും രണ്ടായിട്ടാണ് നടത്തിയത്.

രാജ്യത്തിനകത്തും പുറത്തുമായി സ്വയംസഹായ സംഘങ്ങൾ ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് പ്രവർത്തിയ്ക്കുന്നുണ്ട്. എന്നാൽ ഈ മാതൃകകളിൽ നിന്നും ഉലോം വ്യത്യസ്തമാണ് കുടുംബശ്രീ സംവിധാനം. സ്വയം സഹായ സംഘങ്ങൾ സാമ്പത്തിക ശാക്തീകരണം മാത്രമാണ് ലക്ഷ്യം വെയ്ക്കുന്നത്. എന്നാൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ സാമ്പത്തിക ശാക്തീകരണമെന്നത് പലഘടകങ്ങളിൽ ഒന്നു മാത്രമാണ് .സമൂഹത്തിൽ ക്രിയാത്മകമായി ഇടപെടുവാനുള്ള ശേഷിയും ദാരിദ്ര്യ നിർമ്മാർജ്ജനത്തെ സംബന്ധിച്ച് പ്രധാനമാണ്. അതുകൊണ്ടു തന്നെ കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജനത്തെ സമീപിയ്ക്കുന്നത് വ്യത്യസ്തമായിട്ടാണ്. അംഗങ്ങളുടെ സാമൂഹ്യ ശാക്തീകരണവും സ്ത്രീശാക്തീകരണവും സാമ്പത്തിക ശാക്തീകരണത്തോടൊപ്പം പ്രധാനമാണ്. അതുകൊണ്ടു തന്നെ മറ്റു ദാരിദ്ര്യ നിർമ്മാർജ്ജന മാതൃകകളിൽ നിന്നും വ്യത്യസ്തമായി അംഗങ്ങളുടെ സർവ്വതോമുഖമായ വികസനത്തിനായി നിരവധി പദ്ധതികൾ കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് അരങ്ങ് കലോത്സവം. ഒരു വ്യക്തിയെ സ്വയം പ്രകാശിപ്പിയ്ക്കുന്നതിനുള്ള ഉപാധിയാണ് കല. ജീവിത സാഹചര്യം മൂലം ഇത്തരം അവസരങ്ങൾ നിഷേധിക്കപ്പെടുന്നവരാണ് ദരിദ്രർ. ജീവിതത്തിൽ ആത്മവിശ്വാസം വർദ്ധിക്കുന്നതിനും ആത്മസംഘർഷങ്ങൾ ലഘൂകരിയ്ക്കുന്നതിലും കലയ്ക്ക് വലിയസ്ഥാനമുണ്ട്. അതോടൊപ്പം കലയെ ഒരു ഉപജീവന/സംരംഭ പ്രവർത്തനമാക്കുന്നതിനും കുടുംബശ്രീയ്ക്ക്

കഴിഞ്ഞിട്ടുണ്ട്. കലോത്സവങ്ങളിൽ പങ്കെടുത്ത അംഗങ്ങൾ ചേർന്ന് നിരവധി കലാ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- ശിങ്കാരി മേളം
- കരകാട്ടം
- ഡാൻസ് സ്കൂൾ
- ചിത്രമെഴുത്ത്
- രംഗശ്രീ ഗ്രൂപ്പുകൾ
- നാടകാഭിനയം തുടങ്ങി നിരവധി മേഖലകളെ ഉപജീവനത്തിനായി ഉപയോഗപ്പെടുത്താൻ ഇത്തരം കലോത്സവങ്ങളിലൂടെ കുടുംബശ്രീ അംഗങ്ങൾ പ്രാപ്തരായിട്ടുണ്ട്.

**പ്രധാന പ്രവർത്തനങ്ങൾ**

- വാർഷിക നടത്തിപ്പ് കൂടുതൽ ഫലപ്രദമാകുന്നതിനായി പുതിയ രീതിശാസ്ത്രം വികസിപ്പിയ്ക്കുക
- കലോത്സവ മാന്വൽ പരിഷ്കരിയ്ക്കുക.

**പ്രവർത്തന തന്ത്രം**

- വാർഷികം രണ്ടു ദിവസമായി ചുരുക്കുക
- വാർഷികത്തിലെ ഗ്രൂപ്പ് ചർച്ചകൾ വിഷായാധിഷ്ഠിതാമായി നടത്തുക. ഓരോ മേഖലയിലും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ചവരെ അതാതു വിഷയ ഗ്രൂപ്പുകളിൽ ഉൾപ്പെടുത്തുക. മറ്റുള്ളവരെ അവരുടെ താല്പര്യമുള്ള വിഷയഗ്രൂപ്പുകളിൽ ഉൾപ്പെടുത്തണം.
- ഗ്രൂപ്പ് ചർച്ചകൾക്കായി സംസ്ഥാന മിഷനിലെ ഓരോ ഗ്രൂപ്പും വിശദമായ പ്രവർത്തന റിപ്പോർട്ട് വിമർശനാത്മകമായി തയ്യാറാക്കണം. ഇവ മുൻക്കൂട്ടി ജില്ലകൾക്ക് അയച്ചു കൊടുക്കുകയും ജില്ലകളിൽ ഇവ ചർച്ച ചെയ്ത് അഭിപ്രായ രൂപീകരണം നടത്തി വേണം സി ഡി എസ് ചെയർപേഴ്സൺമാർ വാർഷികത്തിൽ എത്തേണ്ടത്.
- വാർഷികത്തിൽ നടക്കുന്ന ഗ്രൂപ്പ് ചർച്ചകളിൽ ജില്ലയിൽ നടന്ന ചർച്ചകളെ ക്രോഡീകരിയ്ക്കുകയും ഗ്രൂപ്പിനെ പ്രതിനിധീകരിച്ച് ഒരാൾ വിഷയാവതരണം നടത്തുകയും വേണം.
- ഈ വിഷയാവതരണ കുറിപ്പുകൾ അതാത് ഗ്രൂപ്പുകൾ ശേഖരിച്ച് തങ്ങളുടെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുന്നതിനായി ഉപയോഗപ്പെടുത്തണം. ഓരോ മൂന്ന് മാസം കൂടുമ്പോഴും ചർച്ചകളിലെ ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്നും നടപ്പിലാക്കാൻ കഴിയാത്തവയുടെ കാരണം സി ഡി എസ് ചെയർ പേഴ്സൺമാരെ ബോധ്യപ്പെടുത്തുകയും വേണം.

- കലോത്സവം ഇത്തവണ മുതൽ കുടുംബശ്രീ അംഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതാണ് ഉചിതം.

**ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ 2**

**2019 ഓഗസ്റ്റ് - ഒക്ടോബർ**

**പിന്തുണ സംവിധാനം (State Mission)**

- വാർഷികത്തിന്റെയും കലോത്സവത്തിന്റെയും നടത്തിപ്പ് രീതിശാസ്ത്രം തീരുമാനിയ്ക്കുക.
- ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുക
- കലോത്സവത്തിനായി ഓൺലൈൻ സംവിധാനം നടപ്പിലാക്കുക
- പരിശീലക പരിശീലനം - 300 പേർക്ക്
- സി ഡി എസ് തലത്തിൽ അയൽക്കൂട്ട ഫെസിലിറ്റേറ്റർക്കുള്ള പരിശീലനം

**ക്വാർട്ടർ 3 & 4**

**നവംബർ - മാർച്ച്**

**നിർവ്വഹണം**

- വാർഷികത്തിലേക്കാവശ്യമായ ഗ്രൂപ്പ് ചർച്ചാ കുറിപ്പുകൾ തയ്യാറാക്കുക.
- ബ്ലോക്ക്/ജില്ലാ/ സംസ്ഥാന തല മത്സരങ്ങൾ സമയബന്ധിതമായി പൂർത്തീകരിയ്ക്കുക.
- പങ്കെടുത്തവർക്കായി കലയെ എപ്രകാരം ഉപജീവന പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്താം എന്നതിനെ സംബന്ധിച്ച് ഓറിയന്റേഷൻ

**പ്രവർത്തന നേട്ടം**

- കുടുംബശ്രീ പ്രവർത്തനങ്ങളുടെ വാർഷിക വിലയിരുത്തൽ സാധ്യമാകുന്നു.
- കുടിംബശ്രീ അംഗങ്ങൾക്ക് തങ്ങളുടെ കലാപരമായ ശേഷികൾ പ്രകടിപ്പിയ്ക്കുന്നതിനു കഴിയുന്നു.

| ഗാന്ധിയുടെ രക്ഷാ മന്ത്രം |
| --- |
| ''ഞാൻ നിങ്ങൾക്കൊരു രക്ഷാകവചം തരാം.<br>തീരുമാനം എടുക്കാൻ വിഷമമാവുകയോ<br>അഹംഭാവം തീരുമാനങ്ങളിൽ പ്രധാന ഘടകമാവുകയോ ചെയ്യുമ്പോൾ<br>നിങ്ങൾക്ക് ഒരു പരിശോധന ഉപയോഗിയ്ക്കാം.<br>ഇതുവരെ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ദരിദ്രനും<br>ദുർബലനുമായ മനുഷ്യനെപ്പറ്റി ആലോചിയ്ക്കുക.<br>നിങ്ങൾ എടുക്കാൻ പോകുന്ന തീരുമാനം<br>അയാൾക്ക് ഏതെങ്കിലും വിധത്തിൽ ഉപകാരപ്പെടുന്നതാണോ?<br>ഈ തീരുമാനം കൊണ്ട് അയാൾക്ക് എന്തെങ്കിലും മെച്ചമുണ്ടാകുമോ?<br>ഇത് അയാൾക്ക് സ്വന്തം ജീവിതവും വിധിയും കൈപ്പിടിയിൽ ഒതുക്കുന്നതിന്<br>ഏതെങ്കിലും വിധത്തിൽ സഹായകമാകുമോ?<br>അയാളെപ്പോലെ വിശപ്പും ആത്മീയ ദാരിദ്ര്യവും അനുഭവിയ്ക്കുന്ന<br>ലക്ഷകണക്കിന് മനുഷ്യരെ അവരുടെ ഇപ്പോഴത്തെ അവസ്ഥയിൽ നിന്നും<br>സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കാൻ സഹായിയ്ക്കുന്ന എന്തെങ്കിലും<br>നിങ്ങളുടെ തീരുമാനത്തിലുണ്ടോ?<br>ഈ ചോദ്യങ്ങൾ ചോദിച്ചു കഴിയുമ്പോൾ<br>നിങ്ങളുടെ സംശയങ്ങളും അഹംഭാവവും<br>ഉരുകി തീരുന്നത് നിങ്ങൾക്ക് കാണാം.''<br>**മഹാത്മാ ഗാന്ധി**<br>Source: Mahatma Gandhi [Last Phase, Vol. II (1958), P. 65] |